
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 07 No. 01 | THE ONLINE OFFICIAL NEWS BULLETIN | 2024 January 04

SEASON OF EPIPHANY | ദനഹാകാലം | ܥܕܢܐ ܕܕܢܚܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 ♪2 1st Sunday after Epiphany Phsoq risheh d-yuhanon Beheading of St. John the Baptist **7**	 ♪6 Comme. of St. Stephen, the first Martyr **8**	♪2 **9**	♪6 **10**	♪2 **11**	♪6 **12**	♪2 **13**



ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും, പ. ഔഗേൻ പ്രഥമൻ, പ. ബസേലിയോസ് മാർത്തോമ മാത്യൂസ് പ്രഥമൻ, പ. ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ എന്നീ കാതോലിക്കാ ബാവാമാരുടെയും സംയുക്ത പെരുന്നാൾ സമാപിച്ചു. പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് കേരള മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശ്ശിച്ച് ക്രിസ്തുമസ് - പുതുവത്സരാശംസകൾ നേർന്നു.

ശനിയാഴ്ചതോറും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന മലങ്കര ഓർത്തഡോക്സ് സഭാ ന്യൂസ് ബുള്ളറ്റിൻ ഈ ആഴ്ച മുതൽ വ്യാഴാഴ്ചതോറും പ്രസിദ്ധീകരിക്കുന്നതായിരിക്കും. വാർത്തകളും ലേഖനങ്ങളും ചൊവ്വാഴ്ച സന്ധ്യയ്ക്കു മുമ്പ് അയച്ചുതരേണ്ടതാണ്.

– പത്രാധിപ സമിതി



മാർത്തോമ്മാ സഭയിൽ നവാഭിഷിക്തരായ മാത്യൂസ് മാർ സെറാഫിം, ഡോ. ജോസഫ് മാർ ഈവാനിയോസ്, സഖറിയ മാർ അപ്രേം തിരുമേനിമാർക്ക് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സ്വീകരണം നൽകി.




നിലയ്ക്കൽ മെത്രാസനത്തിലെ കരികുളം സെന്റ് മേരീസ് ഇടവകയിൽ, പ. കാതോലിക്ക ബാവായുടെ സഹോദരൻ പദ്ധതിയിലൂടെയും, ഇടവകയുടെ സഹകരണത്തിലും നടത്തുന്ന 'അഭയം' (ഇടവകാംഗത്തിനു നിർമ്മിച്ചു നൽകുന്ന) ഭവനത്തിന്റെ അടിസ്ഥാനശില പ. ബസേലിയോസ് മാത്യൂസ് തൃതീയൻ ബാവാ ദേവലോകം അരമനയിൽ വച്ചു ഇടവക വികാരി ഫാ. ആബോ സ്കറിയ ഒ.ഐ.സി. ക്ക് വാഴ്ത്തി നൽകി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പാഠനം

തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 10

ഡോ. തോമസ് മാർ അത്താനാസിയോസ്





ക്രിസ്തുവിന്റെ മുൻകുറികളെ പഴയനിയമ കഥാപാത്രങ്ങളിൽ കണ്ടെത്തുന്നതുപോലെ മറ്റ പുതിയനിയമ കഥാപാത്രങ്ങളുടെ മുൻമാതൃകകളെയും പഴയനിയമത്തിൽ കണ്ടെത്താനാകും. അവയിൽ വിശുദ്ധ കന്യകമറിയാമിന്റെ മുൻകുറികൾ പഴയനിയമത്തിൽ ഉള്ളതായി ഏറെ വ്യക്തവും അർഥപൂർണ്ണവുമായി പുതിയനിയമവും സഭാ പിതാക്കന്മാരും സാക്ഷിക്കുന്നു. ക്രൂശിനരികിൽ തന്റെ മരണം വീക്ഷിച്ചു നിന്നിരുന്ന മറിയാമിനോട് തന്റെ പ്രിയ ശിഷ്യനെ ഉദ്ദേശിച്ച് 'ഇതാ നിന്റെ മകൻ' എന്നും പ്രിയ ശിഷ്യനോട് മറിയാമിനെ ഉദ്ദേശിച്ച് 'ഇതാ നിന്റെ മാതാവ്' എന്നും ക്രിസ്തു പറയുന്നു. വ്യക്തിപരമായ സംരക്ഷണോത്തരവാദിത്വത്തിനപ്പുറമായി ഇതിന് അർത്ഥസൂചനയുള്ളതായി സഭ കണ്ടെത്തുന്നു. പ്രിയ ശിഷ്യനെ തന്റെ ശിഷ്യസമൂഹത്തിന്റെ പ്രതിനിധിയായും മറിയാമിനെ ശിഷ്യസമൂഹത്തിന്റെ മാതാവായും ക്രിസ്തു അവതരിപ്പിക്കുകയാണ്. അതുവഴി മറിയം സഭയുടെ (ശിഷ്യ സമൂഹത്തിന്റെ) മാതാവും ശിഷ്യസമൂഹം മറിയാമിന്റെ മക്കളായും മാറുകയാണ്. ഇവിടെ മറിയം ക്രിസ്തുവിൽ രൂപം കൊണ്ട പുതിയ മനുഷ്യസമൂഹത്തിന്റെ മാതാവായി അവതരിപ്പിക്കപ്പെടുന്നു. സർവ്വരുടെയും മാതാവായ ഹവ്വ വീഴ്ചയ്ക്കു വിധേയമായ പഴയ മനുഷ്യത്വത്തിന്റെ മാതൃ പ്രതീകമാണ്. അങ്ങനെ ഹവ്വ പഴയ മനുഷ്യത്വത്തിന്റെയും മറിയം ക്രിസ്തുവിൽ പുതുക്കപ്പെട്ട പുതിയ മനുഷ്യത്വത്തിന്റെ മാതൃത്വത്തിന്റെയും അവതരണമാണ്. അങ്ങനെ മറിയാമിന്റെ മുൻകുറിയായി ഹവ്വ പരിണമിക്കുന്നു.

രണ്ടാമതായി മറിയാമിനെ ക്രൂശിൽ വെച്ച് കർത്താവ് 'സ്ത്രീ' എന്നാണ് അഭിസംബോധന ചെയ്യുന്നത് (യോഹ. 19:26). തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്ന സമയത്തും കർത്താവ് ഈ പ്രയോഗം നടത്തുന്നുണ്ട് (യോഹ. 2:4). ക്രിസ്തു അമ്മയെ സ്ഥിരം 'സ്ത്രീ' എന്നായിരുന്നു വിളിച്ചിരുന്നത് എന്ന് കരുതുന്നത് സ്വാഭാവികമല്ല. ഇതിന് പിന്നിൽ കൃത്യമായ ഉദ്ദേശ്യമുണ്ട്. മറിയം ഉല്പത്തി പുസ്തകത്തിൽ പറയുന്ന സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന പുത്രന്റെ മാതാവായ 'സ്ത്രീ'യാണ് (ഉല്പ. 3:15) എന്നാണ് സൂചന. ക്രൂശുമരണം ഈ ചതയ്ക്കൽ സന്ദർഭമാണ്. അത് ഇവിടെ സ്മരിക്കുകയാണ്. കാനാവിൽ വെച്ച് മറിയാം ദൈവികപദ്ധതിയിൽ ഇടപെടുകയായിരുന്നു. എല്ലാ കാര്യങ്ങളും അതിനുള്ള സമയപ്രകാരമേ നടക്കൂ എന്ന് കർത്താവ് സ്ത്രീ എന്ന് വാഗ്ദത്ത സ്ത്രീയായ മറിയാമിനെ വിളിച്ച് ഓർമ്മപ്പെടുത്തുകയായിരുന്നു. രക്ഷാകരപദ്ധതിയിൽ ഇടപെടുന്ന സ്ത്രീ ദൈവികപദ്ധതിക്കും കാലക്രമത്തിനും വിധേയമാണ് എന്ന് ഓർമ്മിപ്പിക്കൽ. സൃഷ്ടിയുടെ കഥയിൽ വീഴ്ചയുടെ സമയത്ത് മാത്രമാണ് ഹവ്വ എന്ന വ്യക്തിനാമം ഉപയോഗപ്പെടുത്തുന്നുള്ളു (ഉല്പ. 3:20). തുടർന്നുള്ള ഭാഗങ്ങളിൽ എല്ലാം 'സ്ത്രീ' എന്ന പദമാണ് ഉല്പത്തി പുസ്തകത്തിൽ കാണുന്നത്. അതായത് മറിയം സർപ്പത്തിന്റെ തല ചതയ്ക്കുന്ന പുത്രന്റെ മാതാവായ 'സ്ത്രീ'യും ഹവ്വ മറിയാമിന്റെ മുൻകുറിയായ സ്ത്രീയും. 'സ്ത്രീ' എന്ന പദം ചിലർ ചിന്തിക്കുന്നതുപോലെ അനാദരവിന്റെയോ മറ്റു ചിലർ വ്യാഖ്യാനിക്കുന്നതുപോലെ ആദരസൂചകമോ ആയ ഒന്നല്ല. പ്രത്യുത അർത്ഥപൂർണ്ണതയുള്ള വേദശാസ്ത്രപ്രകാരമുള്ള പ്രയോഗമായി മനസ്സിലാക്കണം.

മനുഷ്യവർഗ്ഗത്തിന്റെ മാതാവാണ് ഹവ്വ എങ്കിൽ മറിയ ക്രിസ്തുവിൽ പുതുക്കപ്പെട്ട പുതിയ മനുഷ്യവർഗ്ഗത്തിന്റെ / ശിഷ്യസമൂഹത്തിന്റെ അമ്മയാണ്. പഴയനിയമത്തിൽ സർപ്പത്തിന്റെ തല ചതയ്ക്കുവാൻ പ്രവചിക്കപ്പെട്ട സ്ത്രീയുടെ മുൻകുറിയാണ് ആദിപുസ്തകത്തിലെ 'സ്ത്രീ'. ഹവ്വായെ മറിയാമിന്റെ type ആയും anti type ആയും അവതരിപ്പിക്കുന്ന പ്രവണത ഉപ അപ്പോസ്തോലിക (Sub-apostolic) പിതാക്കന്മാരുടെ രചനകളിലുൾപ്പെടെ കാണാവുന്നതാണ്. ജസ്റ്റിൻ മാർട്ടിയർ, തെർത്തുല്യൻ, ലിയോണിലെ ഐറേനിയസ്, സ്വർണ്ണനാവുകാരൻ ഈവാനിയോസ്, സുറിയാനിക്കാരൻ എഫ്രേം എന്നിവരുടെ എഴുത്തുകൾ ഇതിന് സാക്ഷ്യം നൽകുന്നു. രക്ഷാചരിത്രത്തിൽ നിർണ്ണായക പങ്കായിരുന്നു മറിയാമിന്റേത്. അതുകൊണ്ടാണ് മറിയാമിന്റെ വ്യത്യസ്ത തലങ്ങളിലുള്ള നിരവധി മുൻകുറികൾ പഴയനിയമത്തിൽ കണ്ടെത്തുന്നത്. മറിയാമിന്റെ കന്യകാ പ്രസവത്തിന്റെ സൂചനകളാണ് അവയിലൊന്ന്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഉണങ്ങിയ കമ്പിളിയിൽ നിന്ന് മഞ്ഞ് കാണുന്ന അസാധാരണ സംഭവം (6:37, 38) കന്യകയുടെ പ്രസവത്തിന്റെ സൂചനയായി പറയുന്നു. അഹറോന്റെ ഉണങ്ങിയ വടി തളിർക്കുന്നത് (സംഖ്യ 17:8; എബ്രായ 9:8) കന്യകയിൽ നിന്ന് ഗർഭധാരണം നടന്നതിന്റെ മുൻകുറിയാണ്. അതോടൊപ്പം വ്യക്തി എന്ന നിലയിൽ മറിയാമിന്റെ നിരവധി മുൻകുറികളെ സഭാപിതാക്കന്മാർ കണ്ടെത്തുന്നു. അപ്രകാരം മറിയയുടെ മറ്റൊരു മുൻകുറിയാണ് അബ്രഹാമിന്റെ ഭാര്യ സാറ. പുതിയനിയമത്തിൽ നാലിടത്ത് സാറയെപ്പറ്റിയുള്ള പരാമർശം ഉണ്ട് (റോമർ 4:19; 9:9; എബ്രാ. 11:11; 1 പത്രോസ് 3:6). ഇവിടെ സാറ, മറിയയുടെ type ആണ്. സാറ പ്രായാധിക്യവും വന്ധ്യതയും ഉള്ളവളായിരിക്കുമ്പോഴും അവൾ ദൈവദൂതന്മാർ പറഞ്ഞതിൽ വിശ്വസിച്ച് വാഗ്ദാനം നിറവേറും എന്ന് പ്രത്യാശിച്ചു (ഉല്പ. 18:14). മറിയ ദൈവദൂതനോട് 'നിന്റെ വാക്കുപോലെ സംഭവിക്കട്ടെ' (ലൂക്കോസ് 1:35–37) എന്ന് പറഞ്ഞു. റിബേക്കയും മറിയാമിന്റെ മറ്റൊരു മുൻകുറിയാണ്. റിബേക്ക ഇസ്രായേലിന്റെ അമ്മയാണ് (ഉല്പ. 24, 25, 27). കത്തോലിക്കാ സന്ന്യാസിനിയായ നൈജീരിയൻ എഴുത്തുകാരി തെരേസ ഒക്കുരേയുടെ പ്രസ്താവന ശ്രദ്ധിക്കുക: Rebecca's role and that of Mary by pointing out the Rebecca's action of helping Jacob was not an ingenuinty directed toward personal gain but it was co operation with God in her own way to bring about realizing of divine plan for God had revealed to her that destiny of her children before they were born . Mary mother of Jesus co- operated with God in the final and greatest stage in the salvation history (Okure, Teresa; *Women and Bible*, Maryknoll, NY, 1988, p. 42-59). ദൈവഹിതം തിരിച്ചറിഞ്ഞ് അതു നടപ്പിലാക്കിയ രണ്ട് സ്ത്രീകളാണ് സാറയും റിബേക്കയും. മറിയയുടെ മുൻകുറിയായതു വഴി ചരിത്രത്തിൽ സ്ഥാനം കണ്ടെത്തി ദൈവജനത്തിന്റെ ചരിത്രഗതി നിയന്ത്രിക്കുന്ന സ്ത്രീകൾ വേദപുസ്തകത്തിൽ വന്നത് അവരെ വേദപുസ്തക രചയിതാക്കൾക്ക് തള്ളാനാവാത്തതിനാലാണ്. ഇവർ ചരിത്രഗതി നിയന്ത്രിച്ച സ്ത്രീ

സമൂഹത്തിലെ പ്രതിനിധികളാണ്. ഇവരെ കൂടാതെ പലരും മറിയാമിന്റെ മുൻകുറികൾ ആകാവുന്നവർ ഉണ്ടായിരുന്നിരിക്കണം. അവരെല്ലാം വിസ്മരിക്കപ്പെട്ടിരിക്കുന്നു. There were a lot of publically active females in the history. Their identity was lost because of male controlled canonical process. എങ്കിലും ഇവിടെ ചരിത്രഗതി നിയന്ത്രിച്ച ഈ സ്ത്രീകളെ മറിയാമിന്റെ മുൻകുറിയായി സഭ കരുതുന്നു.

റാഹേലിന്റെ കഥയും മറിച്ചല്ല. പ്രത്യേക രീതിയിൽ റാഹേൽ ഇസ്രായേൽ സമൂഹത്തിന്റെ അമ്മയായിട്ടാണ് കരുതപ്പെടുന്നത് (യിരമ്യ 31:15). അതുകൊണ്ടാണ് ശിശുവധത്തിൽ റാഹേൽ മാത്രം കരയുന്നതായി പുതിയനിയമത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത് (മത്താ. 2:17, 18). അവർ പ്രത്യേക തലത്തിൽ പുതിയ ഇസ്രായേലിന്റെ സ്നേഹനിധിയായ മാതാവായി മറിയാമിന്റെ മുൻകുറിയായി ഗണിക്കപ്പെടുന്നു. The story of Rachel is a story of unparalleled love and devotion in the biblical narrative (Anchor Bible, vol. 5, p. 605). അതുപോലെ തന്നെ യഹൂദയുടെ അമ്മയായ ലേയയും ക്രിസ്തു ആ ഗോത്രത്തിൽ ജനിച്ചതുകൊണ്ട് മറിയയുടെ മുൻകുറിയായി അവതരിപ്പിക്കപ്പെടുന്നു. കൂടാതെ ന്യായാധിപന്മാരുടെ പുസ്തകത്തിൽ അവതരിപ്പിക്കപ്പെടുന്ന ദബോറ മറിയയുടെ മറ്റൊരു മുൻകുറിയാണ്. ദബോറയുടെ ഗീതത്തിലും (ന്യായാ. അധ്യായം 5) മറിയയുടെ സ്തോത്രഗീത (magnificat) ത്തിലും (ലൂക്കോസ് 1:46-55) ഇവർ പുതിയ യുഗദർശനം കാണുന്നു.

താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പമായി ക്രിസ്തു സ്വയം പ്രഖ്യാപിക്കുന്നു (യോഹ. 6:35). പഴയനിയമത്തിൽ മന്ന സ്വർഗ്ഗത്തിൽ നിന്ന് ദൈവം പൊഴിച്ചുകൊടുത്ത അപ്പമാണ് (പുറ. 16). അത് ഒരു സ്വർണ്ണപേടകത്തിൽ സൂക്ഷിച്ചു വന്നു. മറിയം ജീവന്റെ അപ്പമായ ക്രിസ്തുവിനെ ഉള്ളിൽ വഹിച്ചതുകൊണ്ട് ആ സ്വർണ്ണച്ചെപ്പ് മറിയാമിന്റെ മുൻകുറിയായി ഓർത്തഡോക്സ് സഭയിലെ പെരുന്നാളുകളിലെ പ്രാർത്ഥനകളിൽ സ്ഥിരം പ്രത്യക്ഷമാകുന്നു. ഈ വസ്തുത ഫാ. മാത്യു ബേക്കർ വ്യക്തമാക്കുന്നു: In identifying Mary as the vessel containing the Manna the Church confesses that the son whom she bore in her womb is indeed the heavenly bread, the very hope of mankind (Ibid, p. 248). അതുപോലെ മഹാവിശുദ്ധ സ്ഥലത്ത് പ്രതിഷ്ഠിച്ചിരിക്കുന്ന 'കൃപാ സദനം' (hylasterion) മറിയയുടെ മുൻകുറിയായി ഓർത്തഡോക്സ് പാരമ്പര്യത്തിൽ കാണുന്നു. ഇതു സംബന്ധിച്ചും ഫാ. മാത്യു ബേക്കർ സാക്ഷിക്കുന്നു: In naming her (Mary) the hilasterion tou kosmu (ലോകത്തിന്റെ ദയാസദനം) we witness to the mystery that , already from the first moment of his conception in Mary's womb - and with the blood which he recieved from her and joined to his divinity - the true high priest and the king was making atonement for us : from the very beginning of his life in the flesh , God was in Christ reconciling the world to himself (2 cor. 5:19) (Ibid). മന്നാ സൂക്ഷിച്ചിരുന്ന സ്വർണ്ണച്ചെപ്പും ദയപീഠവും (hylasterion) ഉൾക്കൊണ്ടിരുന്ന ഉടമ്പടി പേടകത്തെ (Ark of covenant) യും വി. മറിയാമിന്റെ മുൻകുറിയായിട്ടാണ് ഓർത്തഡോക്സ് ആരാധനയിൽ അവതരിപ്പിക്കുന്നത്. ഉടമ്പടി പേടകം എന്നത് വി. ജനത്തിനിടയിൽ ദൈവസാന്നിദ്ധ്യമായിട്ടാണ് പഴയനിയമത്തിൽ വ്യവഹരിക്കപ്പെട്ടിരുന്നത്. അതുകൊണ്ട് ഇസ്രായേലിന്റെ ആരാധനയുടെയും ദൈവികനിയമത്തിന്റെയും കേന്ദ്രസ്ഥാനം എന്നത് ഉടമ്പടി പെട്ടകമായിരുന്നു. പുതിയനിയമത്തിനെയും ക്രിസ്തുവിനെയും ഉൾക്കൊണ്ട മറിയാമിന് ഓർത്തഡോക്സ് സഭകൾ നൽകുന്ന സ്ഥാനം പഴയനിയമത്തിൽ ഉടമ്പടിപെട്ടകത്തിന്റേതാണ്. അതുകൊണ്ട് ഉടമ്പടിപെട്ടകം മറിയാമിന്റെ മുൻകുറി (type) യായി ഓർത്തഡോക്സ് സഭകൾ മനസ്സിലാക്കുന്നു.

പഴയനിയമ കഥാപാത്രങ്ങളായ വ്യക്തികളിൽ മാത്രമല്ല മറിയാമിന്റെ മുൻകുറികളെ സഭ കണ്ടെത്തുന്നത്. ചില വസ്തുക്കളും സംഭവങ്ങളും കൂടി മറിയാമിന്റെ മുൻകുറികളായി അവതരിപ്പിക്കപ്പെടുന്നുണ്ട്. ഓർത്തഡോക്സ് പാരമ്പര്യം അനുസ്മരിപ്പിച്ചുകൊണ്ട് ഫാ. മാത്യു ബേക്കർ പറയുന്നു: Mary is the Arch of covenant. In saying this the Church is not simply being poetic, nor is she inventing anything new . The depth of Scripture itself bear witness that Panagia in the dwelling place of God: the container of bread of Life , the throne of the True king, the mercy seat in whom the reconciliation of the world finds its beginning (Ibid, p. 249).

ഉടമ്പടിപേടക (Ark of covenant) നിർമ്മാണം പൂർത്തിയാക്കിയപ്പോൾ ദൈവിക സാന്നിദ്ധ്യം പ്രഭാതത്തിൽ മേഘം പോലെ ആവസിച്ചു എന്ന് തിരുവചനം സാക്ഷിക്കുന്നു (പുറ 40:34-38; സംഖ്യ 9:18-22). ഈ ആവസിപ്പിനെ പരിശുദ്ധാത്മാവ് മറിയാമിൽ ആവസിച്ചതിന്റെ (ലൂക്കോ. 1:35) മുൻകുറിയായി പിതാക്കന്മാർ മനസ്സിലാക്കുന്നു. അതുപോലെ ദാവീദ് ഉടമ്പടിപെട്ടകത്തിനു മുമ്പാകെ നൃത്തം ചെയ്തതായി പഴയനിയമം രേഖപ്പെടുത്തുന്നു (2 ശമു. 6:16-22). ഗർഭിണിയായ മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ ഗർഭസ്ഥനായ യോഹന്നാൻ ക്രിസ്തു സന്നിധിയിൽ തുള്ളിച്ചാടിയതിന്റെ മുൻകുറിയായി ദാവീദ് നൃത്തം ചെയ്തതും ആരാധനാ ഗ്രന്ഥങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു. അതായത് ക്രിസ്തുവിനോടൊപ്പം വി. മറിയാമിന്റെയും മുൻകുറികളെ പഴയനിയമത്തിൽ ഓർത്തഡോക്സ് പാരമ്പര്യം കണ്ടെത്തുന്നു .

മറിയാമിനെപ്പോലെ പുതിയനിയമത്തിലെ മറ്റു ചില പ്രമുഖ കഥാപാത്രങ്ങളുടെയും മുൻകുറികളെ സഭ പഴയനിയമത്തിൽ കണ്ടെത്തുന്നു. ദീർഘദർശിയായ ഏലിയാവിനെ യോഹന്നാൻ സ്നാപകന്റെ മുൻകുറിയായി സുവിശേഷങ്ങളിൽ തന്നെ പരാമർശിക്കുന്നുണ്ട് (ലൂക്കോസ് 1:17; മർക്കോസ് 9:9-13; മത്തായി 11:10; 17:12). അതുപോലെ പഴയനിയമത്തിലെ ദീർഘദർശിമാരിൽ തലവനായ മോശയെ അപ്പോസ്തോലന്മാരുടെ തലവനായ പത്രോസിന്റെ മുൻകുറിയായി അവതരിപ്പിക്കുന്ന പൗരാണിക പാരമ്പര്യവും സുറിയാനി സഭയിലുണ്ട്. Epistula Petri (പത്രോസിന്റെ ലേഖനം), Pseudo Clementine writings ന്റെ ആമുഖം എന്നിവിടങ്ങളിൽ പത്രോസിന് പഴയനിയമത്തിലെ മോശയുടെ സ്ഥാനം നൽകി മോശയെ പത്രോസിന്റെ മുൻകുറിയായി പരാമർശിക്കുന്നു. ഈ ചിന്ത സുറിയാനി സഭയുടെ ആരാധനാഭാഗങ്ങളിലും കാണുന്നു. സുറിയാനി പിതാക്കന്മാർ ഈ കാഴ്ചപ്പാടിനെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്.

ഏതായാലും പഴയനിയമത്തിലെ പ്രധാന കഥാപാത്രങ്ങളെയും വസ്തുക്കളെയും സംഭവങ്ങളെയും പുതിയനിയമത്തിലെ ശ്രദ്ധേയരായവരുടെ മുൻകുറിയായി അവതരിപ്പിക്കുന്നു. അപ്പോസ്തലന്മാരും സഭയുടെ പിതാക്കന്മാരും ക്രിസ്തുവിന്റെയും പുതിയനിയമ കഥാപാത്രങ്ങളുടെയും മുൻകുറികളെ പഴയനിയമ തിരുവെഴുത്തിൽ കണ്ടെത്തിയപ്പോൾ പഴയനിയമ വെളിപാടിന്റെ ആധികാരികതയും ഇരു വെളിപാടുകളുടെയും പാരസ്പര്യതയും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം സ്ഥാപിക്കുകയായിരുന്നു. സുറിയാനി സഭയിലെ പിതാക്കന്മാർ ഈ ബന്ധത്തെ അംഗീകരിക്കുക എന്നതിനപ്പുറം ആരാധനകളിൽ ഉൾപ്പെടുത്തി സഭയുടെ ആദ്ധ്യാത്മികതയെ പുഷ്ടിപ്പെടുത്തുക കൂടി ചെയ്തു. ഈ തിരിച്ചറിവ് ഓർത്തഡോക്സിയുടെ പ്രവാചകരായി അടുത്ത കാലത്ത് രംഗപ്രവേശം ചെയ്തവർക്ക് മാർഗ്ഗദർശനം നൽകി കാഴ്ചപ്പാടുകൾ തിരുത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം. (തുടരും)



കുമ്പഴ കത്തീഡ്രൽ ഇടവകയിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ജീവിതം നയിക്കുന്ന അംഗങ്ങളെ കൂട്ടി യോജിപ്പിക്കുന്ന SSGF St. Simeon Global Fellowship, Kumbazha Cathedral എന്ന ഗ്രൂപ്പിന്റെ ഉദ്ഘാടന കർമ്മം പരിശുദ്ധ കാതോലിക്കാ ബാവ നിർവഹിച്ചു.



കേരള യൂണിവേഴ്സിറ്റിയിൽ അനലിറ്റിക്കൽ കെമിസ്ട്രിയിൽ 4-ാം റാങ്ക് നേടിയ ലിൻസാ പി. സൂസൻ. ബഥേൽ മാർ ഗ്രീഗോറിയോസ് അരമനപ്പള്ളി ഇടവകാംഗമാണ്.

മാർ ശെമവൂൻ ദെസ്തൂനി, മാർ ബർ സൗമാ, മാർ അബ്രഹാമ്

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

1. മാർ ശെമവൂൻ ദെസ്തൂനി

സുറിയാനി സഭാ സന്യാസചരിത്രത്തിൽ മാർ ശെമവൂൻ ദെസ്തുനി ക്കു അതുല്യമായ ഒരു സ്ഥാനമുണ്ട്. വ്രതനിഷ്ഠയിലൂടെ അനേകരെ ദൈവ ത്തിലേക്കടുപ്പിച്ച ഇദ്ദേഹം അന്ത്യോഖ്യായിലെ "സിസ്സ്" ഗ്രാമത്തിൽ നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജനിച്ചു. ബാല്യകാലത്തിൽ മാതാപിതാ ക്കളെ അവരുടെ ആടുമാടുകളെ മേയിക്കാൻ സഹായിക്കേണ്ടിയിരുന്നതുകൊണ്ട് പഠനം നടത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. എങ്കിലും ബാല്യത്തിൽ തന്നെ ദൈവവചനം കേൾക്കുന്നതിനും പ്രാർത്ഥന, ഉപവാസം, വ്രതാനുഷ്ഠാ നങ്ങൾ എന്നിവ നടത്തുന്നതിനും അദ്ദേഹം അതീവ താല്പര്യമുള്ളവനായിരു ന്നു.

ദയറാ ജീവിതത്തിലേക്ക്

മാർ ശെമവൂൻ തന്റെ യൗവ്വനത്തിൽ തന്നെ ദയറാ ജീവിതം തെരഞ്ഞെടു ത്തു. തനിക്കു ലഭിച്ച ദൈവിക ദർശനത്താൽ യേശുക്രിസ്തുവിന്റെ ജനത്തെ മേയിപ്പാനുള്ള ദൗത്യം സ്വയം ഏറ്റെടുക്കുകയും ആലപ്പോയ്ക്കടുത്തു മാറീ സിന്റെ ദയറാവാസിയായി മാറുകയും ചെയ്തു. ദയറാ ദേവാലയത്തിൽ വളരെ ദിവസങ്ങളോളം പ്രാർത്ഥനയിലും കഠിനമായ നോമ്പിലും കഴിഞ്ഞിരുന്ന അദ്ദേഹം അഗതികളെയും ദരിദ്രരെയും സ്വീകരിക്കുന്നതിനും പരിപോഷിപ്പി ക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. കഠിനമായ തപസ്സ്, ദാരിദ്ര്യം, ശാരീരിക ദണ്ഡനം തുടങ്ങി പല നിഷ്ഠകളും അനുഷ്ഠിച്ച അദ്ദേഹത്തെ അനു കരിക്കുവാൻ പല സഹസന്യാസിമാരും ശ്രമിച്ചുവെങ്കിലും അവർക്കതിനു കഴി ഞ്ഞില്ല.


പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ലഭിച്ച ദിവ്യശക്തി അദ്ദേഹം സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിച്ചു. ദുരാത്മാക്കൾ ബാധിച്ചവർ, രോഗികൾ തുടങ്ങി പലരും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപി ച്ചുകൊണ്ടു ദൈവതിരുനാമത്തെ മഹത്വപ്പെടുത്തി. അനേകമാളുകൾ അദ്ദേഹം മുഖാന്തിരം ദൈവത്തെ അറിയുകയും അദ്ദേഹത്തിന്റെ മാർഗ്ഗം സ്വീകരിച്ചു ക്രൈസ്തവരായിത്തീരുകയും ചെയ്തു.

തൂണിന്മേലുള്ള തപസ്സ്

മാർ ശെമവൂന്റെ നോമ്പും പ്രാർത്ഥനയും അവർണ്ണനീയവും അജയ്യവും ശക്തവും ആയിരുന്നു. അനുഷ്ഠാനങ്ങളോടും വ്രതത്തോടുംകൂടെ ഒമ്പതു വർഷം ദയറായിൽ താമസിച്ചശേഷം ആലപ്പോയ്ക്കടുത്തു തനിക്കായി അദ്ദേഹം ഒരു തൂൺ (സ്തംഭം/ദെസ്തുനെ) പണികഴിപ്പിച്ചു. നാൽപതു വർഷം അതി ന്മേൽ പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളുമായി ഇരുന്ന് വേനൽക്കാലവും വർഷ കാലവും അദ്ദേഹം ജീവിച്ചു. തുടക്കത്തിൽ മൂന്നു മീറ്റർ ദൈർഘ്യമുണ്ടായി രുന്ന തൂൺ അവസാനം അദ്ദേഹം 20 മീറ്റർ ദൈർഘ്യമുള്ളതാക്കിത്തീർത്തു. അനേക ശിഷ്യന്മാരും, എല്ലാ പ്രദേശങ്ങളിലും നിന്ന് വളരെ ജനങ്ങളും അദ്ദേ ഹത്തിന്റെ അടുക്കൽ വന്നുകൂടിയിരുന്നു. തൂണിന്മേൽ ഇരുന്നു തപസനുഷ്ഠിച്ച ആളായിരുന്നതുകൊണ്ട് അദ്ദേഹത്തെ 'ശെമവൂൻ ദെസ്തുനി' എന്നു വിളിക്കു ന്നു. ഈ മാതൃക പിൻപറ്റിക്കൊണ്ട് മറ്റനേക സുറിയാനി സന്യാസിമാരും തൂണു കൾ കെട്ടി അതിന്മേൽ തപസ്സ് അനുഷ്ഠിക്കുമായിരുന്നു.

മാർ ശെമവൂനും ക്രിസ്തുശാസ്ത്ര തർക്കങ്ങളും

സഭാചരിത്രത്തിൽ അഞ്ചാം നൂറ്റാണ്ട് യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ചുള്ള സംവാദങ്ങളുടേയും തർക്കവിതർക്കങ്ങ ളുടേയും കാലഘട്ടമായിരുന്നു. നിഖ്യാ (325), കുസ്തന്തീനോപ്പോലീസ് (381), എഫേസൂസ് (431) സുന്നഹദോസുക ളിലൂടെ സഭാപിതാക്കന്മാർ നിർവ്വ ചിച്ചു നൽകിയ വി. ത്രിത്വം, ക്രിസ്തു വിന്റെ ആളത്തം തുടങ്ങിയവ സംബ ന്ധിച്ച വിശ്വാസപ്രഖ്യാപനങ്ങൾക്ക് മങ്ങലേൽപിച്ചുകൊണ്ട് റോമിലെ ലിയോ പാപ്പായും കൂട്ടരും എ. ഡി. 451 –ലെ കൽക്കദൂന്യാ സുന്നഹദോ സിലൂടെ പുതിയ ക്രിസ്തുശാസ്ത്ര പ്രഖ്യാപനങ്ങൾ നടത്തിയപ്പോൾ റോമാ, കുസ്തന്തീനോപോലീസ് തുട ങ്ങിയ സഭകളൊഴികെ ബാക്കി എല്ലാ സഭകളും ഒരുമിച്ചുനിന്ന് അതിനെ ചെറുത്തു. ഈ വിഷയം സംബ ന്ധിച്ചു പൗരസ്ത്യ ദേശത്തു സന്യാ സിമാരുടെ സ്വാധീനം വളരെ വലുതാ യിരുന്നതിനാൽ കൽക്കദോന്യാ അനു കൂലികൾ മാർ ശെമവൂനെ തങ്ങളുടെ പക്ഷത്തേക്കു ആകർഷിക്കുവാൻ പല തവണ ശ്രമിച്ചെങ്കിലും അവർക്കു വിജയിക്കുവാൻ കഴിഞ്ഞില്ല. സഭ യുടെ പുരാതനമായ സത്യവിശ്വാസം ഉറപ്പിക്കുവാൻ ജനങ്ങളെ പ്രബോധി പ്പിക്കുകയും സത്യവിശ്വാസ വിരോധി കളെ ചെറുക്കാൻ അവരെ പ്രോത്സാ ഹിപ്പിക്കുകയും ചെയ്യുന്നതിൽ മാർ ശെമവൂൻ പ്രത്യേകം ശ്രദ്ധിച്ചു.



ജീവിതാവസാനം

മാർ ശെമവൂൻ എ. ഡി. 459 –ലൊ അതിനോടടുത്ത കാലത്തോ അതിവൃദ്ധ നായിട്ടാണ് തന്റെ നാഥങ്കലേക്ക് വാങ്ങിപ്പോയത്. തന്റെ അന്ത്യനാളുകൾ അടു ത്തപ്പോൾ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനെ അടുക്കെ വിളിച്ച് താൻ അതുവരെയും ധരിച്ചിരുന്ന തുകൽ വസ്ത്രമല്ലാതെ മറ്റൊന്ന് തന്റെ ശരീരത്തിൽ ധരിപ്പിക്ക രുതു എന്നു കല്പിച്ചശേഷം തന്റെ ശിഷ്യന്മാരെയെല്ലാം കർത്താവിങ്കൽ ഭര മേൽപ്പിച്ചശേഷം സന്തോഷത്തോടെ അദ്ദേഹം നിര്യാതനായി.

അന്ത്യോഖ്യായിലെ വലിയ പള്ളിയിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്കരിക്കപ്പെട്ടു. തുടർന്നു സഭ അദ്ദേഹം തപസ്സുചെയ്ത തൂണിനു ചുറ്റും കോട്ട പോലെ ഉന്നതമായ ഒരു മതിൽ കെട്ടി. അതിനെ ശെമവൂൻ കോട്ട എന്നു വിളിക്കുന്നു. ആലപ്പോയ്ക്കടുത്തുള്ള ഈ കോട്ടയിൽ നാലു വലിയ പള്ളികൾ ഉണ്ട്. ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ നാം ഓർക്കുന്നു.

2. മാർ ബർസൗമാ

സുറിയായിലെ 'ശ്മീശാത്തു' എന്ന ഗ്രാമത്തിൽ നാലാം നൂറ്റാണ്ടിന്റെ മദ്ധ്യ ത്തിൽ ഹാനോക്കിന്റെയും ബക്കിയായുടെയും പുത്രനായി ജനിച്ച ബർസൗമാ വളരെ ചെറുപ്പത്തിൽ തന്നെ സമീപമുള്ള പർവ്വതത്തിൽ സന്യാസിയായിരുന്ന

ശ്രേഷ്ഠനായ മാർ അബ്രഹാമിനു ശിഷ്യപ്പെട്ടു. ബാല്യത്തിൽ തന്നെ നോമ്പിലും ഉപവാസത്തിലും തീഷ്ണതയുള്ളവനായിരുന്നതുകൊണ്ടാണ് ഇദ്ദേഹം ബർസൗമാ എന്ന പേരിനാൽ വിളിക്കപ്പെട്ടത്. തന്റെ ഗുരുവിന്റെ നിര്യാണശേഷം പലസ്തീനിലേക്കു വരുകയും അവിടെയുള്ള വിശ്വാസികളുടെ സഹായത്താൽ പലസ്തീനിൽ ഒരു ദയറാ സ്ഥാപിച്ചു അവിടെ തന്റെ ശിഷ്യന്മാരുമായി താമസിക്കുകയും ചെയ്തു.

ത്യാഗിയും വിലാപിതരുടെ തലവനുമായ ഈ പിതാവു, രാവും പകലും നിന്നുകൊണ്ടാണ് പ്രാർത്ഥന നടത്തിയിരുന്നത്. ഇരുമ്പു കൊണ്ടുണ്ടാക്കിയ വസ്ത്രത്തിനു പുറമേ രോമം കൊണ്ടുള്ള കുപ്പായം ഇദ്ദേഹം ധരിച്ചിരുന്നു. ശ്ലീഹന്മാരെപ്പോലെ വി. റൂഹായുടെ നൽവരം പ്രാപിച്ച ജ്ഞാനിയായ മൽപാനും, ദീർഘദർശിയുമായിരുന്ന ഇദ്ദേഹത്തിന്റെ പ്രവചനങ്ങളെല്ലാംതന്നെ യഥാർത്ഥങ്ങളായിരുന്നു. ധാരാളം സഞ്ചരിക്കുകയും ജനങ്ങൾക്കു ദിവ്യോപദേശങ്ങൾ നൽകുകയും നെസ്തോറിയോസിന്റെയും കൽക്കദൂന്യരുടെയും ഉപദേശങ്ങളിൽ നിന്നു അനേകരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുകയും അനേക അത്ഭുത പ്രവൃത്തികൾ നടത്തുകയും ചെയ്ത ആളായിരുന്നു അദ്ദേഹം.

ഏ. ഡി. 449–ൽ എഫേസൂസിൽ കൂടിയ രണ്ടാം സുന്നഹദോസിൽ പൗരസ്ത്യദേശത്തെ ദയറാധിപന്മാരുടെ പ്രതിനിധിയായി ബർസൗമാ പങ്കെടുക്കുകയും സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി അലക്സാന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന മാർ ദിയസ്കോറോസിനെ സഹായിക്കുകയും ചെയ്തു. ബർസൗമായുടെ കഴിവും സിദ്ധിയും മനസ്സിലാക്കിയ തേവോദോസ്യോസ് ചക്രവർത്തി അദ്ദേഹത്തെ സർവ്വ ദയറാകളുടെയും അധിപനായി നിയമിച്ചു.

തേവോദോസ്യോസ് ചക്രവർത്തിയുടെ പിൻഗാമിയായി വന്ന മാർക്കിയോൻ ചക്രവർത്തി സത്യവിശ്വാസത്തിനെതിരാകുകയും റോമിലെ ലിയോ പാപ്പായുടെയും അനുഗാമികളുടെയും പ്രേരണയാൽ ഏ. ഡി. 451 –ൽ കൽക്കദൂന്യാ സുന്നഹദോസ് വിളിച്ചുകൂട്ടി അതിൽ പൂർവ്വപിതാക്കന്മാരുടെ പഠിപ്പിക്കലിനും മുൻ തീരുമാനങ്ങൾക്കും വിരുദ്ധമായ നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തു. ഇതിൽ അതീവ ദുഃഖിതനായ ബർസൗമാ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് വിശ്വാസികളെ പൂർവ്വിക സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനുവേണ്ടി യത്നിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പ്രകോപിതരായ കൽക്കദൂന്യാനുകൂലികളായ എപ്പിസ്കോപ്പന്മാർ അദ്ദേഹത്തിനെതിരെ ചക്രവർത്തിക്കു പരാതികൾ സമർപ്പിച്ചതിന്റെ ഫലമായി പല പ്രാവശ്യം അദ്ദേഹം ബന്ധനസ്ഥനായി വിസ്തരിക്കപ്പെട്ടു. പല അടവുകൾ പ്രയോഗിച്ചു വിശുദ്ധനായ അദ്ദേഹത്തെ സത്യവിശ്വാസത്തിനെതിരാക്കുവാൻ നിർബന്ധിച്ചെങ്കിലും യുക്തിയുക്തങ്ങളായ മറുപടി നൽകിയും ദൈവിക പ്രകാശത്താൽ അത്ഭുതപ്രവൃത്തികൾ ചെയ്തും ന്യായാധിപന്മാരെ അദ്ദേഹം തോല്പിച്ചു. അദ്ദേഹത്തിന്റെ സിദ്ധികളിൽ ഭയവിഹ്വലരായ ന്യായാധിപന്മാരും മാർക്കിയൻ ചക്രവർത്തിയും അദ്ദേഹത്തെ മോചിപ്പിച്ചു. കൽക്കദൂന്യാനുകൂലികളായ എപ്പിസ്കോപ്പന്മാർ ചേർന്ന് അദ്ദേഹത്തെ മുടക്കിയതായി കല്പന പുറപ്പെടുവിച്ചെങ്കിലും ജനങ്ങൾ ഒന്നടങ്കം അതു നിഷേധിച്ചു. സത്യവിശ്വാസത്തിനുവേണ്ടി പോരാടിയ ഈ വിശുദ്ധൻ ഏ. ഡി. 457 ഫെബ്രുവരി 8–ാം തീയതി ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയി. അഞ്ചാം തുബ്ദേനിൽ ഇദ്ദേഹത്തെ നാമോർക്കുന്നത് “ദുഃഖിതന്മാരിൽ തലവനായ മാർ ബർസൗമാ” എന്നാണ്. അദ്ദേഹത്തിന്റെ അനുതാപജീവിതത്തെ അംഗീകരിക്കുന്നതാകാം ആ വിശേഷണം.

3. മാർ അബഹായ്

വി. കുർബ്ബാനയുടെ അഞ്ചാം തുബ്ദേനിൽ ഓർക്കപ്പെടുന്ന ഈ പിതാവിനെക്കുറിച്ചു വിശദമായി മനസ്സിലാക്കത്തക്കവണ്ണം പ്രസക്തമായ രേഖകളൊന്നും നമുക്കു ലഭ്യമായിട്ടില്ല. ഇദ്ദേഹം നാലാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ മർദ്ദീനിലെ ഗ്രാമങ്ങളിൽ ഒന്നായ റക്സാനിൽ ക്രൈസ്തവ മാതാപിതാക്കൾക്കു ജാതനായി. ബാല്യകാലം മുതൽ സന്യാസജീവിതം ആഗ്രഹിച്ച ഇദ്ദേഹം മാതാപിതാക്കളുടെ പരിപാലനയിൽ തന്നെ സ്വന്ത സഹോദരനോടൊന്നിച്ചു വിദ്യാഭ്യാസം നടത്തി. മാതാപിതാക്കളുടെ കാലശേഷം രണ്ടുപേരും തങ്ങളുടെ സ്വത്തുക്കൾ മുഴുവനും വിറ്റു ദരിദ്രർക്കു നൽകിയശേഷം മർദ്ദീനിനടുത്തുള്ള ഒരു ദയറായിൽ താമസമാക്കി.

അബഹായുടെ പ്രാർത്ഥനാജീവിതം മനസ്സിലാക്കിയ മർദ്ദീനിലെ മെത്രാപ്പോലീത്താ മാർ ക്രിസ്റ്റോഫോറസ് അദ്ദേഹത്തെ ശെമ്മാശ്ശനാക്കി ഉയർത്തി. ഏകാന്തജീവിതത്തിന് പ്രാധാന്യം നൽകിയ ഈ വിശുദ്ധന്റെ സ്വാധീനത്താൽ അനേകർ ക്രൈസ്തവരാകുകയും ധാരാളം ആളുകൾ സന്യാസജീവിതം തെരഞ്ഞെടുക്കുകയും ചെയ്തു. അറിയൂസിന്റെ വേദവിപരീതങ്ങളോടു എതിരിടുവാനും സഭയിൽ സത്യവിശ്വാസം ഉറപ്പിക്കുവാനും കഴിവുള്ള ആളായതിനാൽ സഭ, മാർ അബഹായെ നിഖ്യായിലെ മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തു. നിഖ്യ സുന്നഹദോസിൽ തീരുമാനിക്കപ്പെട്ട വിശ്വാസസത്യങ്ങളെ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും അദ്ദേഹം പ്രത്യേക ഊന്നൽ നൽകി.

32 വർഷം മെത്രാപ്പോലീത്താ ആയി സഭയെ സേവിച്ചശേഷം 110 –ാം വയസ്സിൽ കക്കർ മലമുകളിൽ അദ്ദേഹം സ്ഥാപിച്ച ദയറായിൽ വച്ചു കാലംചെയ്തു. ഈ ദയറാ പിൽക്കാലത്തു മാർ അബഹായ് ദയറാ എന്ന പേരിലാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ സംസ്കാര വിലാപയാത്രയ്ക്കു വിശ്വാസികൾക്കു പുറമേ എപ്പിസ്കോപ്പന്മാരും കശീശ്ശന്മാരും ദയറായക്കാരുമായി 1400 –ൽ പരം വൈദികരും സന്നിഹിതരായിരുന്നു.

❑




മലങ്കരയുടെ മൂന്നാം കാതോലിക്ക പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നാൾവഴികളുടെ അമൂല്യ ചിത്രങ്ങളുടെ ശേഖരം “ബസേലിയൻ ആർട്ട് ഗ്യാലറി” മാവേലിക്കര, വഴുവാടി മാർ ബസേലിയോസ് ഓർത്തഡോക്സ് ഇടവകയിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തീർത്ഥാടകർക്കായി ഉദ്ഘാടനം ചെയ്ത് തുറന്നു കൊടുത്തപ്പോൾ, ഇടവക വികാരി ഫാ. തോമസ് രാജു സമീപം.



കുന്നംകുളം മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബഥാന്യാ പകൽ വീട്ടിലെ അംഗങ്ങളും കുടുംബാംഗങ്ങളും ചേർന്ന് 'ഇസിനോ 24' എന്ന പേരിൽ ക്രിസ്തുമസ്–പുതുവർഷ ആഘോഷം നടത്തി. ബ്ലൂമിംഗ് ബഡ്സ് ബഥാന്യാ സീനിയർ സെക്കന്ററി സ്കൂളിലെ രക്ഷിതാക്കൾ മാർഗ്ഗംകളി അവതരിപ്പിച്ചു. എരുമപ്പെട്ടി സെന്റ് ജോർജ് ഇടവകംഗങ്ങൾ പാട്ടും നൃത്തവുമായെത്തി. പകൽ വീട്ടിലെ അംഗങ്ങളുടെ സംഗീതവിരുന്ന് ആഘോഷത്തെ കൂടുതൽ തിളക്കമുള്ളതാക്കി. യൂണിറ്റി ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. റെജി പരിപാടിയിൽ മുഖ്യാതിഥിയായി. ഫാദർ ബഞ്ചമിൻ ഒഐസി സ്വാഗതവും ഫാദർ പത്രോസ് ഒഐസി ക്രിസ്തുമസ് പുതുവത്സര സന്ദേശവും നൽകി.



മഹാരാഷ്ട്രയിൽ നടന്ന 2023 ദേശീയ സ്കൂൾ കായികമേളയിൽ 4 X 100 മീറ്റർ റിലേയിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ സ്നേഹ മറിയം വിൽസൻ. പഴകുളം മാർ ഗ്രീഗോറിയോസ് ഇടവക അംഗമാണ്.



ദനഹാ പെരുന്നാൾ

"നദിയോർദാനുടെ വിമല ജലത്തിലവൻ തിരുസഭയുടെ മലിനത പോക്കി"

ഫിലിപ്പോസ് റമ്പാൻ

(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

സഭയുടെ ആരാധന വർഷത്തിലെ രണ്ടാമത്തെ പ്രധാനപ്പെട്ട മാറാനായ പെരുന്നാൾ ആയ ദനഹാ പെരുന്നാൾ ജനുവരി മാസം ആറാം തീയതി സഭ കൊണ്ടാടുന്നു. നമ്മുടെ കർത്താവിന്റെ മാമോദീസായെ ഈ പെരുന്നാളിൽ നാം പ്രത്യേകം അനുസ്മരിക്കുന്നു. ദനഹാ എന്ന വാക്കിന്റെ ഗ്രീക്കുപദം എപ്പിഫനി എന്നാണ്. ദനഹാ എന്നത് സുറിയാനി പദം ആണ്. ഈ പദത്തിന്റെ അർത്ഥം ഉദയം എന്നാണ്. നീതിയിൻ സൂര്യനായ ക്രിസ്തു ഉദിച്ചത് ഈ ദിവസം ആണല്ലോ. ഈ ദിവസം വരുവാനുള്ള മശിഹാ യേശുതന്നെയാണ് എന്ന് വെളിപ്പെടുകയുണ്ടായി. കർത്താവ് യോഹന്നാൻ സ്നാപകനിൽ നിന്ന് സ്നാനം സ്വീകരിച്ച് വെള്ളത്തിൽ നിന്ന് കയറുമ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവ് എന്നപോലെ ഇറങ്ങിവരികയും "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സ്വർഗ്ഗത്തിൽനിന്ന് അശരീരി കേൾക്കുകയും ചെയ്യുന്നു (വി. മർക്കോസ് 1:1-11). പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന ത്രിയേക ദൈവത്തെ ഇവിടെ വ്യക്തമായി ദർശിക്കുന്നു. ദൈവത്തിന്റെ ത്രിത്വരൂപം ഇവിടെ വെളിവാക്കുന്നു. ഇതേ സംഭവം വി. മത്തായി ശ്ലീഹായും (3: 1-17) വി. ലൂക്കോസ് ഏവൻഗേലിസ്ഥയും (3:15-22) വിവരിക്കുന്നു.


മൂന്നാം നൂറ്റാണ്ടുമുതൽ ദനഹാ പെരുന്നാൾ സഭയിൽ ആചരിച്ചു വരുന്നു. നാലാം നൂറ്റാണ്ടു മുതൽ ഈസ്റ്റർ, പെന്തക്കോസ്തി, എന്നിവയോടൊപ്പം ദനഹാ സഭയിലെ പ്രധാനപ്പെട്ട മൂന്ന് പെരുന്നാളുകളിൽ ഒന്നായിത്തീർന്നു. ആദിമ സഭയിൽ സ്ഥാനാർത്ഥികൾക്ക് ഈ ദിവസം മാമോദീസാ നൽകിയിരുന്നതിനാൽ സ്ഥാനാർത്ഥികളുടെ പ്രകാശവൽക്കരണം എന്ന അർത്ഥത്തിൽ ദനഹായ്ക്ക് പ്രകാശത്തിന്റെ പെരുന്നാൾ എന്നുകൂടി പിതാക്കന്മാർ വിശേഷിപ്പിക്കുന്നുണ്ട്. പൂർവ്വികരായ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ സ്നാനം അനുസ്മരിച്ച് അതിരാവിലെ എഴുന്നേറ്റ് കുളിക്കുമായിരുന്നു. സ്നാനം ശുദ്ധീകരണമാണല്ലോ. എന്നാൽ വടക്കൻ കേരളത്തിൽ പ്രത്യേകിച്ച് തൃശൂർ കുന്നംകുളം ഭാഗങ്ങളിൽ ദനഹാ പെരുന്നാളിന് പിണ്ടിപെരുന്നാൾ എന്നാണ് അറിയപ്പെടുന്നത്. ലോകത്തിന്റെ പ്രകാശമായ മശിഹായെ അനുസ്മരിച്ച് വാഴപ്പിണ്ടിയിൽ വിളക്കുകളോ ദീപങ്ങളോ കുത്തിനിർത്തി അതിനു വലംവച്ചുകൊണ്ട് പ്രദക്ഷിണം നടത്തുന്ന രീതിയും നിലവിലുണ്ട്.

സ്നാനത്തിലൂടെ ലഭിക്കുന്ന കൃപകൾ

സ്നാനത്തിലൂടെ പാപമോചനത്തിനും ശുദ്ധീകരണത്തിനും ഇടയാക്കുന്നു.

നിഖ്യാവിശ്വാസപ്രമാണത്തിൽ നാം ഏറ്റുചൊല്ലുന്നു "പാപമോചനത്തിന് മാമോദീസാ ഒരിക്കൽ മാത്രമാകുന്നു" പാപമോചനം മാത്രമല്ല പുത്രസ്വീകാര്യത്തിനും, വീണ്ടും ജനനത്തിനും, ദൈവസ്വരൂപവും സാദൃശ്യവും പ്രാപിക്കുന്നതിന് ജലത്താലുള്ള സ്നാനം മൂലം സംഗതിയാകുന്നു. ഇത് വി. മാമോദീസായുടെ ശുശ്രൂഷയിലെ പ്രാർത്ഥന ശ്രദ്ധിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. കൂടാതെ ദനഹാ പെരുന്നാളിന്റെ ശുശ്രൂഷയിലും ഈ സത്യം പൂർണ്ണമായി ഗ്രഹിക്കുവാൻ നമുക്കു സാധിക്കും. ജലത്തിൽ കർത്താവ് സ്നാനം ഏറ്റതിനാൽ-'-നദിയോർദാനുടെ വിമല ജലത്തിലവൻ തിരുസഭയുടെ മലിനതപോക്കി"-ജലത്തിലൂടെ നമുക്ക് വിശുദ്ധി ലഭിക്കുന്നു. ദനഹാ ശുശ്രൂഷയുടെ പ്രദക്ഷണഗീതത്തിൽ ഇപ്രകാരം കാണുന്നു. "നീരവ നിടമേകുകയാൽ നീരിലവൻ കതിരൊളി വീശി നീരതിലേക്കവരോഹം ചെയ്തവനതിനരുളി പരിശുദ്ധി."

ദനഹാ ശുശ്രൂഷയിലെ ആദിയോടന്തം ഉള്ള ഗീതങ്ങളിലും പ്രാർത്ഥനകളിലും ഈ ആശയം ആവർത്തിക്കുന്നുണ്ട്. തന്റെ വിശുദ്ധിയാൽ യോർദ്ദാനിലെ വെള്ളത്തെ വിശുദ്ധമാക്കുവാൻ വേണ്ടി തന്റെ മുന്നോടിയായ യോഹന്നാനിൽ നിന്ന് മാമോദീസാ സ്വീകരിച്ച മശിഹാ എന്നും സകല ജലാശയങ്ങളെയും നദികളെയും തന്റെ സ്നാനത്താൽ വിശുദ്ധീകരിച്ച പരിശുദ്ധൻ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. വെള്ളത്തിൽ നിന്നാണല്ലോ ജീവന്റെ ആരംഭം (ഉൽപ. 1:2) ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ചുകൊണ്ടിരുന്നു. ജലം ജീവൻ നിലനിർത്തുകയും ചെയ്യുന്നു. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും (വി. യോഹ. 4:4) എന്നാണല്ലോ കർത്താവ് അരുളിചെയ്തിട്ടുള്ളത്. ആയതിനാൽ വെള്ളത്തിലൂടെയുള്ള മുഴുകൽ മൂലം സമൂലശുദ്ധീകരണം സംഭവിക്കുന്നു. സ്നാനം പാപമാലിന്യത്തെ കഴുകിക്കളയുന്നു. ഇസ്രായേൽമക്കൾ ചെങ്കടൽ കടന്നതിനെ സ്നാനത്തിന്റെ മുൻകുറിയായി പിതാക്കന്മാർ പഠിപ്പിക്കുന്നു.



സ്നാനത്തിലൂടെ സാത്താനെ ഉപേക്ഷിച്ച് മശിഹായെ സ്വീകരിക്കുന്നു

വി. മാമോദീസാ ശുശ്രൂഷയിലെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് സാത്താനെ ഉപേക്ഷിച്ച് മശിഹായെ സ്വീകരിക്കുന്നത്. സ്ഥാനാർത്ഥിക്കുവേണ്ടി തലതൊടുന്നയാൾ സാത്താനെ ഉപേക്ഷിക്കുന്നതായി മൂന്നു പ്രാവശ്യം മശിഹായെ സ്വീകരിക്കുന്നതായി മൂന്നു പ്രാവശ്യം ഏറ്റുപറയുന്നു. സാത്താനെ ഉപേക്ഷിച്ച് മശിഹായെ സ്വീകരിക്കുന്നതിലൂടെ നാം രക്ഷയിലേക്ക് പ്രവേശിക്കുന്നു. ഇതിലൂടെ പാപമോചനവും സാത്താന്റെ മേലുള്ള വിജയവും കാണിക്കുന്നു. ഇതിന് ശേഷമാണ് വെള്ളിത്തിലൂടെയുള്ള മുഴുകൽ നടത്തുന്നത്. അങ്ങനെ മാമോദീസായിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന വിശ്വാസിയുടെ തുടർന്നുള്ള ജീവിതം അവനെ രക്ഷയിലേക്ക് നയിക്കുന്നു. പിന്നീടുള്ള കൗദാശികമായ ജീവിതം മൂലം അവൻ പൂർണ്ണരക്ഷയിലേക്ക് എത്തിച്ചേരുന്നു. അപ്പോൾ സ്നാനം എന്നു പറയുന്നത് രക്ഷയിലേക്ക് ഒരു വിശ്വാസിയെ നയിക്കുന്ന പ്രക്രിയയുടെ ആദ്യപടിയാണ്.

ദനഹാ പെരുന്നാളിന്റെ പ്രധാന ശുശ്രൂഷ വെള്ളം വാഴ്വിന്റെ ശുശ്രൂഷയാണ്. മോറാനായ പെരുന്നാളുകളിൽ ഇതുകൂടാതെ പെന്തിക്കോസ്തി പെരുന്നാളിൽ മാത്രമേ വെള്ളം ഉപയോഗിക്കുന്നുള്ളു. മറ്റു ചില ശുശ്രൂഷകളിൽ കഴുകലിനും ശുദ്ധീകരണത്തിനുമായി വെള്ളം ഉപയോഗിക്കുന്നുണ്ട്. കാൽകഴുകൾ ശുശ്രൂഷയിലും ഭവനകൂദാശയിലും വെള്ളം ഉപയോഗിക്കുന്നുണ്ട്. പെന്തിക്കോസ്തി ശുശ്രൂഷയിൽ വാഴ്ത്തിയ വെള്ളം ജനത്തിന്മേൽ തളിക്കുവാനായി ഉപയോഗിക്കുന്നു. എന്നാൽ ദനഹായിൽ വാഴ്ത്തി ശുദ്ധീകരിക്കുന്ന വെള്ളം പാനം ചെയ്യുവാനായി ഉപയോഗിക്കുന്നു. ആ ശുശ്രൂഷയിൽ സംബന്ധിക്കുന്നവരെല്ലാം ആ വെള്ളം കുടിക്കുന്നു. ദനഹായുടെ വെള്ളം വാഴ്വിന്റെ ശുശ്രൂഷയിലെ പ്രാർത്ഥനകൾ ശ്രദ്ധിച്ചാൽ ഈ ജലം എന്തിനെല്ലാം പ്രയോജനപ്പെടും എന്ന് മനസ്സിലാകും. പാപമോചനത്തിനും, ശുദ്ധീകരണത്തിനും, രോഗസൗഖ്യത്തിനും, പൈശാചിക ഉപദ്രവങ്ങളിൽനിന്നുള്ള സംരക്ഷണത്തിനും, വിളവുകൾ സംരക്ഷിക്കുന്നതിനും തുടങ്ങി അനവധി കാര്യങ്ങൾക്ക് ഈ വെള്ളം ഉപയോഗിക്കുവാനായിട്ടാണ് ഈ വെള്ളത്തെ ശുദ്ധീകരിക്കുന്നത്. ആകയാൽ ദനഹാ പെരുന്നാളിലെ സംബന്ധത്തിലൂടെ നമ്മുടെ ആന്തരീക ശുദ്ധീകരണം സാധ്യമാകാനും അതിലൂടെ രക്ഷയുടെ മാർഗ്ഗത്തിലേക്ക് വളരുവാനും നമുക്ക് സംഗതിയാകട്ടെ.

❑

ചരിത്ര നോവൽ

അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം

ചിത്രമെഴുത്തു കെ. എം. വറുഗീസ്

I

കേരളഭൂമി മുഴുവൻ പൂർവകാലത്ത് അതിസ്വതന്ത്രന്മാരായിരുന്ന നാടുവാഴി രാജാക്കന്മാരാൽ ഭരിക്കപ്പെട്ട ഒന്നായിരുന്നുവല്ലോ. ഈ നാടുവാഴികൾക്ക് പ്രജകളുമായി നേരിട്ട് പറയത്തക്ക യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. കൊട്ടാരങ്ങളിലെ നിത്യനിദാനം, അഞ്ചടിയന്തിരങ്ങൾ, യുദ്ധം എന്നിവ നടത്തിക്കൊടുക്കുന്നതിലേക്കു രാജ്യം മുഴുവൻ ഇടപ്രഭുക്കന്മാരായ മാടമ്പികളെ ഏൽപിച്ചിരുന്നു. അവരാകട്ടെ അതതു ഭൂമികൾ ഭരണപരമായ ഓരോ ആവശ്യങ്ങൾക്കു വേണ്ടി ഇറയിലി സമ്പ്രദായത്തിൽ ജനങ്ങൾക്കു വിരുത്തി വസ്തുക്കളായി വീതിച്ചുകൊടുത്ത് കാര്യങ്ങൾ നടത്തിപ്പോന്നു. ഈ മാടമ്പിമാരെ കൂടാതെ ജാത്യാചാര സംബന്ധമായും മതസംബന്ധമായുമുള്ള സമാധാനപാലനം യുദ്ധകാര്യവിഷയമായ സഹകരണം, മറ്റു ചില അവകാശങ്ങൾ എന്നിവയെ മുൻനിറുത്തി നാടുവാഴി രാജാക്കന്മാർക്ക് അതതു ജാതികളുടെ തലവന്മാരുമായിട്ടും ഇടപെടേണ്ടതുണ്ടായിരുന്നു. പൂർവീകമായ ചില ആചാരങ്ങളേയും പാരമ്പര്യത്തേയും അധിഷ്ഠിതമാക്കി ജാതിത്തലവന്മാരായിത്തീരുന്നവരെ നാടുവാഴികൾ ആയുധങ്ങൾ, ഡോലി, ചങ്ങലവട്ട മറ്റു ചില പദവികൾ എന്നിവ യഥായോഗ്യം നൽകി അംഗീകരിച്ചിരുന്നു. എന്നാൽ ഈ കൂട്ടത്തിൽ മലങ്കര നസ്രാണികളുടെ ജാതിത്തലവന്മാരായ വൈദിക മേലദ്ധ്യക്ഷന്മാരെ കേരള രാജാക്കന്മാർ മോതിരമിട്ടു നീട്ടോടുകൂടി അവരോധിക്കയായിരുന്നു പതിവ്. നസ്രാണികളുടെ മതസംബന്ധവും ജാതിസംബന്ധവും സിവിൾ സംബന്ധവുമായ കാര്യങ്ങളിൽ രാജാധികാരം ചെലുത്തുന്നതു ജാതിത്തലവന്മാർ വഴിക്കായിരുന്നതിനാൽ രാജാക്കന്മാർ അവരെ വളരെയധികം മാനിക്കുകയും കാര്യനടത്തിപ്പിന് അവരുടെ സഹകരണം അപരിത്യാജ്യമായ ഒന്നായി കരുതിപ്പോരുകയും ചെയ്തു. ചുരുങ്ങിയപക്ഷം പകലോമറ്റം വൈദികാദ്ധ്യക്ഷ കുടുംബത്തിൽ 1653-നു ശേഷം മെത്രാൻ സ്ഥാനികളുണ്ടായിത്തീർന്നതോടുകൂടി സുറിയാനി ക്രിസ്ത്യാനികളുടെ ജാതിത്തലവൻ മെത്രാൻ സ്ഥാനാഭിഷിക്തനായിരിക്കണമെന്നും കൂടി ജാത്യാചാരവും വൈദികാചാരവും ഉണ്ടായിത്തീർന്നു. ജാതിത്തലവനായ ഒരു മെത്രാപ്പോലീത്താ കാലം ചെയ്താലുടൻ ഭരണകാര്യ നടത്തിപ്പുകൾക്ക് നീക്കം വരാതിരിപ്പാനായി തൽസ്ഥാനത്ത് പിന്തുടർച്ചാവകാശിയെ അതേ വേഷത്തിലും അതേ ചട്ടവട്ടങ്ങളിലും ജാതിത്തലവനായി അവരോധിക്കേണ്ടതു നാടുവാഴികളുടെയും സമുദായത്തിന്റെയും ഒന്നുപോലെയുള്ള ഒരു ആവശ്യമായിരുന്നു. അങ്ങനെ മെത്രാപ്പോലീത്താ സ്ഥാനത്തിൽ ജാതിത്തലവനായിത്തീരുന്ന ആൾക്ക് അപ്പോസ്തോലികമായ വരപ്രസാദം ഉണ്ടോ എന്നു നോക്കേണ്ട ചുമതല നാടുവാഴികൾക്കില്ലായിരുന്നു. അതു സമുദായത്തിന്റെയും സഭയുടെയും ആവശ്യമായിരുന്നു. അവരോധിക്കപ്പെടുന്നയാൾക്ക് മെത്രാൻ സ്ഥാനമുണ്ടെന്നു വൈദികന്മാരും സമുദായവും സമ്മതിച്ചതിനാൽ രാജാക്കന്മാർക്ക് കാര്യനടത്തിപ്പിന് അതു ധാരാളം മതിയായിരുന്നു. അങ്ങനെയുള്ളവർക്കു രാജാക്കന്മാർ തൽക്ഷണം മോതിരമിട്ട് അംഗീകരണം നൽകുകയുമായി. യഥാർത്ഥത്തിൽ മെത്രാൻസ്ഥാനം ഉള്ള ആൾക്ക് സ്ഥാനമില്ലെന്നോ സ്ഥാനമില്ലാത്ത ആൾക്ക് സ്ഥാനമുണ്ടെന്നോ അഭിപ്രായഭിന്നതയുണ്ടായാൽ കാര്യങ്ങൾക്ക് അത്രത്തോളം കുഴപ്പവുമുണ്ടായിരുന്നു. അങ്ങനെയുള്ള പരിതസ്ഥിതികളിൽ വേദശാസ്ത്രാനുരൂപങ്ങളായ വൈദിക ധർമ്മാചാരതത്വങ്ങൾക്കല്ല ജാതിത്തലവനെ അവരോധിക്കുന്നതിനു രാജാക്കന്മാർക്കുണ്ടായിരുന്ന അവകാശാധികാരങ്ങൾക്കായിരുന്നു അധികവും പ്രാമാണ്യമുണ്ടായിരുന്നത്. ഇന്നും ഈ നിമിഷത്തിലും ന്യായാധീശന്മാരുടെ ഏതു നിറത്തിലുള്ള തൂവൽപ്പേനയ്ക്കും ഉരുക്കു ചട്ടക്കൂട്ടിനുള്ളിൽ സുരക്ഷിതമാണെന്നു പുകഴുന്ന ഏതു ക്രൈസ്തവ സഭയുടേയും സ്ഥാനാഭിഷേക സാധുത്വാസാധുത്വങ്ങളുടെയും അന്തർമർമ്മംവരെ



കടന്നുചെന്നു ന്യായപക്ഷങ്ങൾ സ്ഥാപിച്ചു അപ്രതിരോധ്യമായ തകിടം മറിച്ചിലുകൾ നിർമ്മിക്കുവാൻ കഴിയുമെന്നുള്ളത് സുനിശ്ചിതമാണല്ലോ. അവകാശബാദ്ധ്യതകളും സംഘടനകളും രാജ്യത്ത് യഥാസ്ഥിതിയിൽ പുലർത്തിപ്പോരണമെന്നു വിചാരിക്കുന്നിടത്തോളം - ഭിന്നപക്ഷങ്ങൾ തീരുമാനിക്കുന്നതിനു സഭയ്ക്കുള്ളിൽ വൈദിക കോടതികൾ ഉണ്ടായിരുന്നാൽ തന്നെയും - സ്ഥിതിഗതികൾ ഈ വിധത്തിൽ രൂപം പൂഴുകയെ തരമുള്ളു. പൂർവകാലത്ത് മാരാൻമാർ, ഈഴവവാത്തികൾ, ഇളയതമ്പാർ, എന്നിവർക്കുള്ള പൗരോഹിത്യാധികാരത്തിൽ നിന്നു തീരെ ഭിന്നമായി സഭാഭരണവും സമുദായഭരണവും പൗരോഹിത്യവും ഒരേ വ്യക്തിയിൽ സമ്മേളിക്കുന്നതായ നിലയിൽ നസ്രാണി



സമുദായാദ്ധ്യക്ഷന്മാർ ജാതിത്തലവന്മാരായിരുന്നതിനാൽ അവരെ അവരോധിക്കുന്ന വിഷയത്തിൽ രാജാക്കന്മാരുടെ പ്രവേശനത്തിനു വലിയൊരു സ്ഥാനമുണ്ടായിരുന്നു. അതിപ്രാചീന കാലം മുതൽ നാടുവാഴികൾ മോതിരമിട്ടു നൽകിപ്പോന്നതായ ഈ ഒരു അംഗീകരണമായിരുന്നു പിൽക്കാലത്ത് കൊച്ചിയിലും തിരുവിതാംകൂറിലും തിട്ടൂരവും തിരുവെഴുത്തു വിളംബരവുമായി രൂപംപൂണ്ടതെന്നുള്ള കഥ അധികംപേർക്കും അറിവുണ്ടെന്നു തോന്നുന്നില്ല.

[1]മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഇവിടത്തെ വൈദിക മേലധികാരം തിഗ്രീസിലെ കാതോലിക്കോസിനായിരുന്നുവെന്നു ചരിത്രവും പാരമ്പര്യവും ഒന്നുപോലെ സമ്മതിക്കുന്നു. “ആറാമത്തെ പാത്രിയർക്കീസ് തെഗരിയോസിന്റെ (തിഗ്രീസിന്റെ) കാതോലിക്കായാവുന്നു. അദ്ദേഹത്തിന്റെ വിചാരത്തിലത്രെ മലയാളമാകുന്നത്” എന്നാണ് മലങ്കരയിലെ പുരാതന വൈദീകാദ്ധ്യക്ഷന്മാർ ഗ്രന്ഥവരിയിൽ രേഖപ്പെടുത്തി വച്ചിരിക്കുന്നത്. തിഗ്രീസിലെ സിംഹാസനത്തിന് അധഃപതനം നേരിട്ട കാലത്ത് നമ്മുടെ പൂർവ്വന്മാർ ബാബേൽ പാത്രിയർക്കീസിനോടും അലക്സന്ത്ര്യാ പാത്രിയർക്കീസിനോടും അന്ത്യോഖ്യാ പാത്രിയർക്കീസിനോടും മേൽപട്ടക്കാരെ അയച്ചുതരുന്നതിനായി ഏകകാലത്ത് അപേക്ഷ ബോധിപ്പിച്ചതിനും പുറമെ മെത്രാന്മാരെ കൂട്ടിക്കൊണ്ടുവരുന്നതിനായി ബാബേൽ പാത്രിയർക്കീസിന്റെ അടുക്കലേക്ക് 1490-ൽ ഒരു പ്രതിനിധിസംഘത്തെ അയയ്ക്കുകയും ചെയ്തിരുന്ന കഥ അനിഷേധ്യമായ ചരിത്രസത്യങ്ങളാണല്ലോ. കാലവൈപരീത്യത്തിൽ പിൽക്കാലത്തു കാതോലിക്കാസ്ഥാനത്തിനുള്ള സ്വതസിദ്ധമായ കാനോനീകാധികാരങ്ങളെ യഥാസ്ഥിതിയിൽ സമ്മതിച്ചുകൊണ്ട് അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ ചില കാലങ്ങളിൽ ചില കാതോലിക്കാമാരെ മലയാളത്തേക്ക് അവരോധിക്കുകയുണ്ടായിട്ടുണ്ട്. അഥവാ (സ്ഥാനാഭിഷേകം കൂടാതെ) അംഗീകരണം മാത്രം നൽകി യാത്രയയച്ചിട്ടുണ്ട്. അങ്ങനെ വന്നിട്ടുള്ള കാതോലിക്കാമാർ മലങ്കരസഭയെ സംബന്ധിച്ചോ അല്ലാതെയോ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നേരിട്ടുള്ള പ്രതിനിധികളാണെന്നോ അവരുടെ ഭരണാധികാരത്തിന്മേൽ പാത്രിയർക്കീസന്മാർക്ക് എന്തെങ്കിലും മേലധികാരമുണ്ടെന്നോ യാതൊരുകാലത്തും യാതൊരു ശബ്ദവും ഇവിടെ കേൾക്കപ്പെട്ടിരുന്നില്ല. ഈ ഒരു പരിതസ്ഥിതിയിൽ മേൽപ്പറഞ്ഞ കീഴ്നടപ്പിനെതിരായി പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് അന്ത്യോഖ്യായിൽ ചെന്ന് പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധികാരത്തിനു വിധേയനായിത്തീർന്നതു മുതൽക്കാണ് ഇന്നത്തെ രൂപത്തിലുള്ള പുതിയ അന്ത്യോഖ്യാ ബന്ധം മലയാളത്ത് ആവിർഭവിച്ചതെന്നുള്ള വസ്തുത സത്യത്തെ സ്നേഹിപ്പാൻ മനസ്സുള്ള യാതൊരാൾക്കും നിഷേധിച്ചു കൂടുന്നതല്ല.

പ്രാചീനകാലത്ത് സുറിയാനി ക്രിസ്ത്യാനികളുടെ ജാതിത്തലവന്മാരായി ഭരണം നടത്തുവാനുള്ള അധികാരം പകലോമറ്റം കുടുംബത്തിനായിരുന്നുവല്ലോ. ജാതിത്തലവനായ ഒരു മെത്രാപ്പോലീത്തായുടെ ചരമത്തെ തുടർന്നു വേറൊരാൾ പ്രസ്തുത സ്ഥാനം പിന്തുടരേണ്ടതാകയാൽ ശരിയായ സ്ഥാനാഭിഷേകമില്ലാതിരുന്നാലും ഏറ്റവും അടുത്ത ഒരവസരത്തിൽ സ്ഥാനം പ്രാപിച്ചുകൊള്ളാമെന്നുള്ള സദുദ്ദേശ്യത്തോടുകൂടി പിന്തുടർച്ചാവകാശികളായ അപൂർവ്വം ചിലർ ചില ഉപാധികളെ ആസ്പദമാക്കി ചില കാലത്ത് നാമമാത്രമായ അഭിഷേകത്തോടു കൂടി ജാതിത്തലവന്മാരായി അവരോധം പ്രാപിച്ചിട്ടില്ലെന്നില്ല. രാജ്യകാര്യനടത്തിപ്പിന് വിഘ്നം വന്നുകൂടാതിരിപ്പാൻ ജാതിത്തലവനായി ഒരാൾ ഉണ്ടായേ മതിയാവൂ എന്നുള്ളതിനാൽ വൈദീകന്മാരും ഭൂരിപക്ഷ സമുദായവും കൂടി നാമമാത്രമായ അഭിഷേകത്തെ ആദരിച്ച് ജാതിത്തലവന് കീഴ്പ്പെടുമ്പോൾ എതിരാളികളും മനസ്സാക്ഷിപ്രമാണക്കാരുമായ ചിലർ സദുദ്ദേശ്യത്തോടുകൂടിത്തന്നെ ആവക മുട്ടുശാന്തി അഭിഷേകം വൈദികധർമ്മാചാരാനുസൃതമല്ലെന്നു പിറുപിറുത്തു കലഹാഗ്നി കത്തിപ്പാൻ സംഗതിയായിട്ടുണ്ട്. അതുപോലെതന്നെ യഥാർത്ഥമായ സ്ഥാനാഭിഷേകം, അസാധുവാണെന്നു മിഥ്യാവാദം പുറപ്പെടുവിച്ച് ആഭ്യന്തരകലാപം കൈവളർത്തിയ കാലഘട്ടങ്ങളുമുണ്ടായിട്ടുണ്ട്. കേരളത്തിലെ പുത്തൻകൂറ്റു സുറിയാനിക്കാർക്കു ആകെക്കൂടി ഒരു മെത്രാൻ മാത്രമുണ്ടായിരുന്ന ആ പഴയ കാലത്തു ജാതിത്തലവന്മാരുടെ ക്ഷണം സ്വീകരിച്ചും അല്ലാതെയും തിഗ്രീസിലെ കാതോലിക്കോസിന്റെ കൈവാഴ്ചയിൽ നിന്നായാലും അല്ലെങ്കിലും ഇവിടെ എത്തിച്ചേർന്നിട്ടുള്ള പരദേശ മെത്രാന്മാർ മുക്കാലെ മുണ്ടാണിപ്പേരും ഈ തീരത്തെത്തിച്ചേർന്നാലുടൻ അപ്പോഴും അതിനടുത്തു മുമ്പായും ഇവിടെ നടന്നിട്ടുള്ള മെത്രാൻ സ്ഥാനാഭിഷേകങ്ങൾ എല്ലാംതന്നെ അസാധുവാണെന്നും ശരിയായ സ്ഥാനം തന്റെ കൈവശം മാത്രമാണെന്നും അതുകൊണ്ടു കറുത്തതൊലിക്കാരൻ വെളുത്തതൊലിക്കാരനായ തന്നിൽ നിന്നു സ്ഥാനം സ്വീകരിക്കുകയോ തനിക്കു ഭരണാധികാരം ഒഴിഞ്ഞുതരികയോ ചെയ്യണമെന്ന വാദവും എടുത്തിടുകയായി. തങ്ങൾ നൽകുന്ന സ്ഥാനാഭിഷേകത്തെ ആശ്രയിച്ചു മാത്രമേ, കറുത്ത തൊലിയുള്ളവൻ ജാതിത്തലവനായി ഭരണം നടത്തുവാൻ സാധിക്കയുള്ളുവെങ്കിൽ ആവക സ്ഥാനാഭിഷേകം നടത്തുവാൻ യോഗ്യതയുള്ള തങ്ങൾക്കുതന്നെ ജാതിത്തലവനായി ഭരണം നടത്തിക്കൂടയോ എന്നായിരുന്നു വെളുത്ത തൊലിയുടെ ചോദ്യം. അച്ചടിയോ വർത്തമാനപ്പത്രങ്ങളോ പുസ്തകപ്രസിദ്ധീകരണങ്ങളോ വിദ്യാഭ്യാസ സൗകര്യങ്ങളോ യാതൊന്നുമില്ലാത്ത ആ പഴയ ഇരുൾകാലങ്ങളിൽ അന്ത്യോഖ്യാ, ബസ്രാ, തുറബ്ദീൻ, മുതലായ സ്ഥലങ്ങൾ പറുദീസായുടെ ഏലുകർക്കകത്ത്, അതെ സർവെനമ്പരിൽ പെട്ടതാണെന്നും പരദേശ ക്രിസ്ത്യാനികൾ പരമഭക്തന്മാരും ശാപാനുഗ്രഹ ശക്തികൾ ഉള്ളംകൈയിൽ കൊണ്ടുനടക്കുന്ന പരമ സാത്വികന്മാരുമാണെന്നും, നാട്ടുകാർ മഹാപാപികളും മലയാളനാട് നരകത്തിന്റെ വക്കത്ത് മാടന്റെയും മറുതായുടെയും, ആവാസരംഗവുമാണെന്നും, ഭൂമിശാസ്ത്രവും നരവംശശാസ്ത്രവും പഠിച്ചിരുന്ന ഇന്നാട്ടിലെ കരുത്തതൊലിക്കാരായി അക്കാലത്തെ കുറേ മാപ്പിളമാർ മേൽപ്പറഞ്ഞ വാദത്തെ കണ്ണുംപൂട്ടി കൈയൊപ്പ് കൊള്ളുവാനുമുണ്ടാകും. മാപ്പിളമാർ മാത്രമല്ല ചില മെത്രാന്മാരും ഈ ഒരു അധഃസ്ഥിത ബോധ (Inferiority complex) ത്തിന് അടിമപ്പെട്ടുപോയിട്ടുണ്ട്. പരദേശ മെത്രാന്മാരിൽ നിന്നുള്ള പിന്തുടർച്ചയായി വേദശാസ്ത്രാനുസരണമായും കാനോനികമായും നിരാക്ഷേപമായ രീതിയിൽ നടന്നിട്ടുള്ള സ്ഥാനാഭിഷേകങ്ങളാണെങ്കിലും കറുത്തതൊലിയുള്ളവന്റെ തലയിൽ കൈവെച്ചിട്ടുള്ളവന്റെ നിറം കറുപ്പാകയാൽ ആവക സ്ഥാനാഭിഷേകങ്ങളൊക്കെ അസാധുവാണെന്നും, അതിനാൽ വെളുത്തവൻ വന്ന് കറുത്തവനെ വീണ്ടും അഭിഷേകം ചെയ്യണമെന്നും ഇന്നാട്ടിലെ കറുത്തവരുടെ ഒഴിയാശല്യം നിമിത്തം ശാന്തശീലന്മാരായ ചില മെത്രാന്മാർ കലഹനിവാരണത്തിനും സമാധാനത്തിനുംവേണ്ടി അത്തരം നിർബന്ധങ്ങൾക്ക് വഴിപ്പെടേണ്ടി വന്നിട്ടുമുണ്ട്. അത്രമാത്രം അന്ധവിശ്വാസമായിരുന്നു വെളുത്ത നിറത്തെപ്പറ്റി അന്നുള്ളവർക്കുണ്ടായിരുന്നത്. അക്കാര്യത്തിൽ ഇരുപാട്ടുകാരെയും കുറ്റപ്പെടുത്തുവാനില്ല. സാമാന്യജനങ്ങൾക്കു അതിൽ കൂടുതൽ വെളിച്ചം കിട്ടുവാൻ അന്നത്തെ സ്ഥിതിക്ക് വ്യാപകമായ യാതൊരു സൗകര്യവും മലനാട്ടിൽ ഇല്ലായിരുന്നു. കറുത്ത തൊലിയുള്ളവന്റെ തലയിൽ കറുത്ത തൊലിയുള്ളവൻ കൈവച്ചാൽ സ്ഥാനാഭിഷേകമാകയില്ലെന്നും ശരിയായ സ്ഥാനാഭിഷേകം വെളുത്ത തൊലിയുള്ളവനിൽ നിന്നു മാ

ത്രമേ സിദ്ധിക്കയുള്ളുവെന്നുമുള്ള ഈ ഒരു അന്ധവിശ്വാസത്തിന്റെയും അധഃസ്ഥിതബോധത്തിന്റെയും മറവിൽ ഒളിച്ചുനിന്നുകൊണ്ടായിരുന്നു പരദേശമെത്രാന്മാർ ഇന്നാട്ടിലെ ജാതിത്തലവന്മാരായ മലങ്കര മെത്രാപ്പോലീത്തന്മാരുടെ ഭരണാധികാരം തട്ടിപ്പറിക്കുവാൻ പല കാലങ്ങളിലും ശ്രമം നടത്തിയത്. ഈ തീരത്തു കടന്നുകൂടി ഇവിടുത്തെ ഒറ്റ മുണ്ടും തോർത്തുകാരനുമായ കറുത്ത മാപ്പിളയുടെ ദാസ്യഭാവനയും ഈ രാജ്യത്തെ പച്ചത്തഴപ്പും സർവവിധ സുഖസൗകര്യങ്ങളും എത്ര വമ്പിച്ചതാണെന്നു കണ്ടു ബോധിച്ചിട്ടുള്ള മിക്ക പരദേശ മെത്രാന്മാരും ഈ ദുർമ്മോഹത്തിനു വശംവദരാവുകയാണ് ചെയ്തിട്ടുള്ളത്. പരസ്വമെന്നോ പള്ളിയെന്നോ പള്ളിയോഗമെന്നോ യോഗസമ്മതമെന്നോ ഉള്ള യാതൊരു ഉപാധിയും തങ്ങളെ ബാധിക്കുന്നതല്ലെന്നായിരുന്നു പരദേശ മെത്രാന്മാരിൽ പലരുടെ മതം.

1. ആറാം പാത്രിയർക്കീസ് (ഒരു വിശദീകരണം)

കന്നി 3-നു പ്രസിദ്ധപ്പെടുത്തിയ ചരിത്ര കഥയുടെ ആദ്യ ഭാഗത്തു മലങ്കര സുറിയാനി സഭയുടെ ഭരണാധികാരം തെഗറിയോസിന്റെ (തിഗ്രീസിലെ) കാതോലിക്കായായിരുന്നു എന്നു മേലദ്ധ്യക്ഷന്മാർ രേഖപ്പെടുത്തി വച്ചിട്ടുള്ള ഗ്രന്ഥവരിയിൽ നിന്ന് ഒരു ഖണ്ഡിക ഞാൻ ഉദ്ധരിച്ചിരുന്നുവല്ലോ. പലരും ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഇവിടേക്കു കത്തുകൾ അയയ്ക്കുന്നു. "…. ആറാമത്തെ പാത്രിയർക്കീസായ അന്ത്യോഖ്യായുടെ രണ്ടാമത്തെ തെഗറിയോസിന്റെ കാതോലിക്കായാവുന്നു. അദ്ദേഹത്തിന്റെ വിചാരത്തിലത്രെ മലയാളമാകുന്നത്" എന്നിങ്ങനെയാണ് ഗ്രന്ഥവരിയിലെ വാചകം. ക്രിസ്താബ്ദം 325-ൽ കൂടിയ നിഖ്യാ സുന്നഹദോസിലെ നിശ്ചയപ്രകാരം റോമ്മാ, അന്ത്യോഖ്യാ, അലക്സന്ത്രിയ, കുസ്തംദീനോപ്പോലീസ് എന്നിങ്ങനെ നാലു പാത്രിയർക്കാ സിംഹാസനങ്ങളെ സ്ഥാപിച്ചതായിട്ടാണല്ലോ ചരിത്രം. ഈ സിംഹാസനങ്ങൾക്കു പുറമെ യെറുശലേം മെത്രാപ്പോലീത്തായെ അഞ്ചാം പാത്രിയർക്കീസായും നിഖ്യാ സുന്നഹദോസിനു വളരെ മുമ്പുതന്നെ സ്ഥിരപ്രരൂഢസ്ഥാനിയായിരുന്ന കാതോലിക്കായുടെ സിംഹാസനത്തെ ആറാം പാത്രിയർക്കാ സിംഹാസനമായും അവരോധിച്ചു. യെറുശലേം മെത്രാപ്പോലീത്തായെ അഞ്ചാം പാത്രിയർക്കീസെന്നും യെറുശലേം പാത്രിയർക്കീസെന്നും വിളിച്ചുപോരുന്നതുപോലെ തിഗ്രീസിലെ കാതോലിക്കാസ്ഥാനി ആറാം പാത്രിയർക്കീസ്, അന്ത്യോഖ്യായുടെ രണ്ടാം പാത്രിയർക്കീസെന്ന അർത്ഥത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ്, കിഴക്കിന്റെ കാതോലിക്കാ, കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ, കാതോലിക്കാ പാത്രിയർക്കീസ്, എന്നീ പേരുകളിലും അറിയപ്പെട്ടുപോന്നു. സിംഹാസനക്രമം അനുസരിച്ചു കാതോലിക്കാ പാത്രിയർക്കീസ് ആറാം പാത്രിയർക്കീസാണെങ്കിലും തിഗ്രീസിന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ അന്ത്യോഖ്യായുടെ രണ്ടാമത്തെ പാത്രിയർക്കീസായിട്ടാണു സങ്കല്പിച്ചിട്ടുള്ളത്. കാതോലിക്കാ ഇടവകകളുടെ ഭരണത്തെ മുൻനിറുത്തി കാതോലിക്കായെ മേൽപ്രസ്താവിച്ചതായ വിവിധ നാമങ്ങളിൽ വ്യവഹരിക്കുമ്പോൾ അന്ത്യോഖ്യാ സിംഹാസനസ്ഥനായ പാത്രിയർക്കീസിന് ആകമാന പാത്രിയർക്കീസ്, സിംഹാസന പാത്രിയർക്കീസ്, രണ്ടാം ഇഗ്നാത്തിയോസ്, എന്നീ സ്ഥാനനാമങ്ങളാണ് താത്വികമായി കരുതപ്പെട്ടിരുന്നത്. സൂക്ഷ്മവും സാരതരവുമായ ഈ വ്യത്യാസം സാധാരണ വ്യവഹാരങ്ങളിൽ പരിഗണനീയമായ ഒന്നായി കരുതപ്പെട്ടിരുന്നില്ല. തന്നിമിത്തം കാതോലിക്കാ പാത്രിയർക്കീസിന്റെയും സിംഹാസന പാത്രിയർക്കീസിന്റെയും അധികാരങ്ങളും പ്രവൃത്തികളും കൂട്ടിക്കുഴച്ചും വകതെറ്റിയും പ്രയോഗിച്ചു കണ്ടിട്ടുണ്ട്. കാതോലിക്കാ പാത്രിയർക്കീസിനെ സിംഹാസന പാത്രിയർക്കീസായി തെറ്റിദ്ധരിച്ചിട്ടുള്ള വ്യവഹാരങ്ങളും ചുരുക്കമല്ല. മുന്നം മലങ്കരെ കുടിയേറിയ ക്നായിത്തൊാമ്മനും മറ്റും "കാതോലിക്കാ അരുളാലെ" (കാതോലിക്കാ പാത്രിയർക്കീസിന്റെ കൽപനപ്പടിയ്ക്ക്) "കപ്പൽ പുകിന്തവരാ"ണെങ്കിലും അവരെ അന്ത്യോഖ്യാ പാത്രിയർക്കീസ് അയച്ചുവെന്നു വ്യവഹാരമുണ്ടായത് ഈ നിലയ്ക്കാണ്. ഒന്നാമത്തെ തുബ്ദേനിൽത്തന്നെ "ഇന്നും ഈ ആയുഷ്കാലത്തിലും … വിശുദ്ധ സഭകളെ (സഭയെയല്ല) മേയിച്ചു ഭരിക്കുന്നവരായി … നിലനിർത്തപ്പെട്ടു പോരുന്നത് (പോന്നതെന്നല്ല) "നമ്മുടെ പാത്രിയർക്കീസന്മാരായ ആബൂൻ മാർ ഇഗ്നാത്തിയോസും" (സിംഹാസന പാത്രിയർക്കീസ്) ആബൂൻ മാർ ബസേലിയോസും (കാതോലിക്കാ പാത്രിയർക്കീസ്) ആണെന്നു സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. ഇന്നും വിശുദ്ധ സഭകളിൽ ഒന്നിനെ ഭരിച്ചുപോരുന്നത് നമ്മുടെ പാത്രിയർക്കീസായ ആബൂൻ മാർ ബസേലിയോസാണെന്നു സാരം. മലങ്കര സഭയുടെ ഭരണം സ്വാതന്ത്ര്യമായി നടത്തിപ്പോന്നത് കാതോലിക്കാ പാത്രിയർക്കീസന്മാരായിരുന്നുവെന്നു ഗ്രന്ഥവരിയിൽ കാണുന്നതിനു ഉപോൽബലകമായി പല ലക്ഷ്യങ്ങളും ചൂണ്ടിക്കാണിപ്പാനുള്ളതാണ്. അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന പദം കാതോലിക്കാ ഭരണത്തെ സംബന്ധിച്ചിടത്തോളം എപ്പോഴും സിംഹാസന പാത്രിയർക്കീസായ ആബൂൻ മാർ ഇഗ്നാത്യോസിനെ ഉദ്ദേശിച്ചിട്ടുള്ളവയാണെന്നു വിചാരിക്കുന്നത് സർവാബദ്ധമാണ്. അന്ത്യോഖ്യാ സിംഹാസന പാത്രിയർക്കീസിന് ആകമാന സഭാവിശ്വാസ സംരക്ഷണം പരസ്പര വിരോധം എന്നിവ ഒഴിച്ചു കാതോലിക്കാ പാത്രിയർക്കീസിന്റെ ഭരണത്തിൽ യാതൊരുവിധമായ ഇടപെടലും ഉണ്ടായിരുന്നില്ലെന്നുള്ളത് ഒരു ചരിത്രസത്യം മാത്രമാണ്. അതിബുദ്ധിമാനും പ്രസിദ്ധ ചരിത്രകാരനും ക്നാനായ സമുദായാംഗവുമായ ഇടവഴിക്കൽ മി. ഇ. എം. ഫിലിപ്പ് തന്നെയും നന്നെ ഞെരുങ്ങീട്ടും രണ്ടക്ഷരത്തിൽ പറയുന്നത് "പേർഷ്യയിലെ മെത്രാപ്പോലീത്താ പിൽക്കാലത്ത് മലങ്കരസഭയുടെ ഭരണം നിർവഹിച്ചിരുന്നുവെന്നുള്ളത് ചരിത്രസത്യമാണല്ലോ" എന്നാണ്. അന്ന് വെണ്ണ പങ്കിടുവാൻ, പേർഷ്യയിലെ മെത്രാപ്പോലീത്തായെ അഥവാ കാതോലിക്കാ പാത്രിയർക്കീസിനെ സിംഹാസന പാത്രിയർക്കീസിന്റെ ഒട്ടകക്കാലിൽ കെട്ടിയിടുന്നതിലേക്കു ത്രാസ് പിടിക്കുന്നതിന് അവിടെ ആരുംതന്നെ ഉണ്ടായിരുന്നില്ല. അത് അവിടെ നടപ്പുള്ള കാര്യവുമല്ലായിരുന്നു.

(തുടരും)

പുസ്തകം

മതസംവാദം

കോനാട്ട് അബ്രഹാം ഒന്നാമൻ

പ്രസാധകർ:

എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം

വില: 220 രൂപ





കോനാട്ട് മാത്തൻ മല്പാന്റെ കൃതികൾ

കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പാ

പ്രസാധകർ:

എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം

വില: 130 രൂപ



കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിലെ ചിത്രപുരി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ പുതുവത്സര ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ തേവോദോറോസ് മുഖ്യകാർമികത്വം വഹിച്ചു. ഇടവകയുടെ സിൽവർ ജൂബിലി സ്മാരക കൂദാശയും മെത്രാപ്പോലീത്താ നിർവഹിച്ചു.

വചനതീർത്ഥം

ദനഹായ്ക്കു ശേഷം ഒന്നാം ഞായർ

(വി. മത്തായി 4:12-22)



ഫാ. ജെറിൻ ജോൺ അടൂർ

യെശയ്യാവ് പ്രവാചകൻ പ്രവചിക്കുന്ന, വിജാതീയരുടെ ഗലീലിയിൽ അന്ധകാരത്തിൽ വസിച്ചിരുന്ന ജനത്തിനായി ഉദിച്ച വലിയ പ്രകാശമായി കടന്നുവരുന്ന യേശുവിനെക്കുറിച്ചാണ് മത്തായി സുവിശേഷകൻ തന്റെ നാലാം അധ്യായത്തിന്റെ പന്ത്രണ്ടു മുതലുള്ള വാക്യങ്ങളിൽ കാണുന്നത്.

യോഹന്നാൻ കാരാഗ്രഹത്തിൽ ബന്ധനസ്ഥനായതിന് ശേഷം യേശു മാനസാന്തരത്തിന്റെ സുവിശേഷവുമായി പ്രകാശത്തിന്റെ പാതയിലേക്ക് ഏവരെയും ക്ഷണിച്ചുകൊണ്ട് കടന്നുവരുന്നതിനെയാണ് നാം ഇവിടെ കണ്ടുമുട്ടുന്നത്. ഈ വേദഭാഗത്തിൽ കർത്താവിന്റെ പ്രസംഗത്തിന്റെ ആരംഭംവും, അവന്റെ വിളിയുടെ തുടക്കവും കടന്നുവരുന്നു.

സ്വർഗ്ഗരാജ്യത്തെ പറ്റിയുള്ള പ്രബോധനം

ക്രിസ്തുവിന്റെ പ്രസംഗത്തിന്റെ പ്രധാന കാതലായി നിൽക്കുന്നത് ഒരു സത്യമാണ്, 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' (മത്തായി 4:17). വിശുദ്ധ മത്തായിയുടെ തന്നെ സുവിശേഷത്തിൽ, യോഹന്നാൻ സ്നേപകന്റെ അധരങ്ങളിലൂടെ കേട്ട അതേ വാക്കുകളാണ് യേശുവും ആവർത്തിക്കുന്നത് 'മനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു' (മത്തായി 3:2). ഒരേ വാക്കുകളാണ് ഇരുവരും അനുവർത്തിക്കുന്നതെങ്കിലും വ്യത്യസ്തങ്ങളായ രണ്ടു യാഥാർഥ്യങ്ങളിലേക്കാണ് ഇവ വിരൽ ചൂണ്ടുക. വരുവാനിരിക്കുന്ന രക്ഷകന്റെ വരവിലൂടെ, മാനവർക്ക് കരഗതമാകുന്ന രക്ഷയുടെ, സ്വർഗ്ഗരാജ്യത്തിന്റെ വരവിനെക്കുറിച്ചാണ് സ്നാപകൻ യൂദയായിലെങ്ങും പ്രവചനം നടത്തുന്നത്. അങ്ങനെ വരുവാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തെക്കുറിച്ച് യോഹന്നാൻ പ്രവചിക്കുകയും മുന്നറിയിപ്പ് നൽകുകയും ചെയ്യുമ്പോൾ, യേശുവാകട്ടെ, തന്നിലൂടെ ആരംഭം കുറിച്ചിരിക്കുന്ന രക്ഷാകരപദ്ധതിയെക്കുറിച്ചും, തന്റെ വരവോടെ ആരംഭം കുറിച്ചിരിക്കുന്ന സ്വർഗ്ഗരാജ്യത്തെക്കുറിച്ചുമാണ് പറയുക. പ്രവാചകദിനങ്ങളുടെ പൂർത്തീകരണത്തിൽ ഇതാ ദൈവപുത്രന്റെ ദിനങ്ങൾ ആരംഭിച്ചിരിക്കുന്നു.

മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഉദയം ചെയ്ത സ്നേഹത്തിന്റെ ദീപ്തിയാണ് ക്രിസ്തു. പിതാവിന്റെ സ്നേഹത്തിന്റെ മുഖം. മരണത്തിന്റെ പിടിയിൽനിന്ന് തന്റെ മക്കളെ രക്ഷിച്ചെടുക്കാനാഗ്രഹിക്കുന്ന, തന്റെ രാജ്യത്തിന്റെ പ്രഭയിലേക്ക് അവരെ നയിക്കാനാഗ്രഹിക്കുന്ന പിതാവിന്റെ കരുണയുടെ ഇടത്തിലേക്കാണ് യേശു വിളിക്കുക, മനസാന്തരപ്പെടുക, തിരികെ വരിക, ദൈവത്തിന്റെ രാജ്യം, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, അത് നിങ്ങൾക്കിടയിൽ ആരംഭിച്ചിരിക്കുന്നു. പ്രകാശം ഉദിച്ചുകഴിഞ്ഞു, ഇനിയും അന്ധകാരത്തിന് ഇടമില്ല. പിതാവായ ദൈവം മനുഷ്യർക്ക് നൽകുന്നത് സർവ്വജനത്തിനുമായുള്ള രക്ഷയുടെ സുവിശേഷമാകുന്ന ക്രിസ്തുവിനെയാണ്. അവനെ നിരാകരിക്കുന്നവർ നിത്യജീവനെ, പ്രവാചകരിലൂടെ ദൈവം വാഗ്ദാനം ചെയ്ത രക്ഷയാണ് നിരാകരിക്കുന്നത്.

ക്രിസ്തുവിന്റെ വിളിയെയും പ്രകാശത്തെയും സ്വീകരിക്കുന്ന ശിഷ്യർ

ഇന്നത്തെ സുവിശേഷത്തിന്റെ ഒന്നാമത്തെ ഭാഗത്ത്, യേശു തന്റെ ദൗത്യം ആരംഭിക്കുന്നതാണ് നാം കണ്ടതെങ്കിൽ, രണ്ടാം ഭാഗത്ത്, യേശുവിന്റെ വിളി കേട്ട് എല്ലാം ഉപേക്ഷിച്ച്, പൂർണ്ണമായി അവനെ പിഞ്ചെല്ലുന്ന നാലു ശിഷ്യന്മാരെക്കുറിച്ചാണ് നാം വായിക്കുക. ഗലീലിക്കടലിൽ വല വീശിക്കൊണ്ടിരുന്ന ശിമയോനെന്ന പത്രോസും, അവന്റെ സഹോദരൻ അന്ത്രയോസും, പിന്നീട് പിതാവായ സെബദിക്കൊപ്പം വല നന്നാക്കിയിരുന്ന യാക്കോബും യോഹന്നാനും. വലകളും, വഞ്ചിയും, പിതാവും. തങ്ങളുടെ ജീവിതമാർഗ്ഗമായിരുന്നവയും, ഈ ഭൂമിയിൽ തങ്ങൾക്ക് ഏറെ പ്രധാനപ്പെട്ടവനായിരുന്ന സ്വന്തം പിതാവിനെയുമാണ് ആദ്യ ശിഷ്യന്മാർ യേശുവിനെ പിഞ്ചെല്ലുവാനുള്ള വഴിയിൽ ഉപേക്ഷിക്കുക. തങ്ങളുടേതായ ജീവിതസാഹചര്യങ്ങളിൽ ആത്മാർത്ഥമായി അധ്വാനിച്ചിരുന്നവരെയാണ് സ്വർഗ്ഗരാജ്യത്തിനായി വേലചെയ്യാൻ ക്രിസ്തു വിളിക്കുന്നത്. ലൂക്കായുടെ സുവിശേഷം അഞ്ചാം അധ്യായത്തിന്റെ ആദ്യ വചനങ്ങളിൽ, പത്രോസിന്റെ വള്ളത്തിൽ കയറിയിരുന്ന് ജനങ്ങളെ പഠിപ്പിക്കുകയും, അതിനു ശേഷം, അത്ഭുതകരമായ മത്സ്യബന്ധനത്തിന്റെ അനുഭവത്തിലൂടെ അവരെ കടത്തിക്കൊണ്ട് പോവുകയും ചെയ്തിട്ടാണ് ആദ്യ ശിഷ്യന്മാരെ വിളിക്കുന്നത് എന്ന വ്യത്യസ്തമായ ഒരു ചരിത്രം ഉണ്ട് എന്നത് ശരിയാണ്. എന്നാൽ ഇവിടെയൊക്കെ നാം കാണേണ്ട, മനസ്സിലാക്കേണ്ട സന്ദേശം ഇതാണ്; രണ്ടു സഹസ്രാബ്ദങ്ങൾക്കപ്പുറം ശിഷ്യന്മാരുടെ ജീവിതത്തിലെന്നതുപോലെ നമ്മുടെയും ജീവിതസാഹചര്യങ്ങളിൽ, നമുക്കരികെ ക്രിസ്തു കടന്നുവരുന്നുണ്ട്, നമ്മെ അവന്റെ രാജ്യത്തിന്റെ പ്രഘോഷണത്തിനായി, സുവിശേഷത്തിന്റെ സാക്ഷ്യം നൽകാനായി വിളിക്കുന്നുണ്ട്. അവന്റെ വിളി കേട്ട്, അതിനെ സ്വീകരിച്ച്, ജീവിതത്തിൽ എല്ലായിടങ്ങളിലും, എല്ലാ സമയങ്ങളിലും, സ്നേഹമായ ക്രിസ്തുവിന് സാക്ഷ്യമേകുക എന്ന കടമയെക്കുറിച്ച് കൂടി ഈ സുവിശേഷഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നുണ്.

യേശുവിനായി, വഴിയൊരുക്കാൻ വന്ന യോഹന്നാൻ, രക്ഷകനായ ക്രിസ്തുവിനായി വഴി മാറിക്കൊടുക്കുന്നത് നാം സുവിശേഷങ്ങളിൽ കണ്ടുമുട്ടുന്നുണ്ട്. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരിപ്പു വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല' (മത്തായി 3: 11). സ്നാപകൻ ബന്ധനസ്ഥനായെന്ന് കേട്ടപ്പോഴാണ് യേശു ഗലീലിയിലേക്ക് പിൻവാങ്ങുന്നത്. തന്റെ നാടായ നസ്രത്തിൽനിന്ന് വിജാതീയരുടെ ഗലീലിയിലേക്ക് പുറപ്പെടുന്ന ദൈവപുത്രൻ. യോഹന്നാന്റെ അതെ വാക്കുകൾ വിളിച്ചുപറഞ്ഞുകൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നതെന്ന് നാം കണ്ടു. ഇവിടെ രണ്ടു പ്രത്യേകതകൾ നമുക്ക് കാണാൻ സാധിക്കും. ഒന്നാമതായി പ്രവാചകനും രക്ഷകനും പറയുവാനുള്ള സന്ദേശത്തിന്റെ ഐക്യമാണ് നമുക്ക് ഇവിടെ കാണുവാൻ സാധിക്കുക. ഈയൊരു ഐക്യവും തുടർച്ചയുമാണ് വിശുദ്ധ പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ നാം കണ്ടുമുട്ടുക. യേശുവിനെ പിഞ്ചെല്ലുന്നതിനിടയിൽ നമുക്കിടയിൽ ഭിന്നതകൾ ഉണ്ടാകരുതെന്ന്, നമുക്ക് നേതാവായി ക്രിസ്തുവല്ലാതെ മറ്റൊരുവൻ ഉണ്ടാകരുതെന്ന്, കൊരിന്ത്യരെ ഓർമ്മിപ്പിക്കുന്നുണ്ട് (1 കൊരി 1:10-13). നാം പിൻചെല്ലേണ്ടവൻ ഒരുവനാണ്, യേശുക്രിസ്തു. അവനിലാണ് നാം രക്ഷ കണ്ടെത്തേണ്ടത്.

സ്നാപകൻ ബന്ധനസ്ഥനാകുമ്പോളാണ് യേശു കടന്നുവരുന്നത് എന്ന് ഇന്നത്തെ സുവിശേഷത്തിലൂടെ നാം കാണുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടതാണ് സുവിശേഷപ്രഘോഷണവുമായി ബന്ധപ്പെട്ട് ഇന്നത്തെ സുവിശേഷം നമുക്ക് മുന്നിൽ വയ്ക്കുന്ന രണ്ടാമത്തെ ഒരു സന്ദേശം. യോഹന്നാൻ നിശ്ശബ്ദനാക്കപ്പെടുന്നിടത്ത് ദൈവം, ക്രിസ്തു, പ്രഘോഷണം തുടരുന്നു. യോഹന്നാനിലൂടെയും ക്രിസ്തുവിലൂടെയും അറിയിക്കപ്പെട്ട അനുരഞ്ജനത്തിന്റെ, മാനസാന്തരത്തിന്റെ, രക്ഷയുടെ സുവിശേഷം പ്രഘോഷിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട് എന്ന ഒരോർമ്മപ്പെടുത്തൽ കൂടിയാണ് ഈ സുവിശേഷം. യോഹന്നാന്റെ ജീവിതത്തിലേതുപോലെ, വിശ്വാസത്തിന്റെ മാർഗ്ഗത്തിൽ, പ്രത്യയശാസ്ത്രങ്ങളുടെ പേരിലാകട്ടെ, അധികാരത്തിന്റെ പേരിലാകട്ടെ ബുദ്ധിമുട്ടുകളും പീഡനങ്ങളും നേരിടേണ്ടിവരുന്ന, സുവിശേഷപ്രഘോഷണവും ക്രൈസ്തവസാക്ഷ്യവും ജീവിക്കാൻ ബുദ്ധിമുട്ടുന്ന, ഓരോ മനുഷ്യർക്കും പ്രത്യാശയുടെ സന്ദേശം കൂടിയാണ് ഈ വചനങ്ങൾ നൽകുക.


വി. മത്തായിയുടെ സുവിശേഷത്തിന്റെ നാലാം അധ്യായം പന്ത്രണ്ടു മുതലുള്ള വചനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ, പ്രവാചകന്മാരിലൂടെയും സ്നാപകയോഹന്നാനിലൂടെയും അറിയിക്കപ്പെട്ട രക്ഷയുടെ വരവിനെക്കുറി

ച്ചുള്ള ബോധ്യത്തിൽ വളരാനും, ക്രിസ്തുവിലൂടെ ആരംഭിച്ച സ്വർഗ്ഗരാജ്യത്തിൽ പങ്കുകാരാകാനും നമുക്ക് പരിശ്രമിക്കാം. ഗലീലിയുടെ നമ്മുടെ പാപാന്ധകാരത്തിന്റെ, തീരങ്ങളിൽനിന്ന് മാറി, നമ്മുടെ രക്ഷയ്ക്കായി ഉദയം ചെയ്ത ക്രിസ്തുവെന്ന പ്രകാശത്തിലേക്ക് നടന്നടുക്കാം. നമ്മുടെ അനുദിനജീവിതത്തിൽ ക്രൈസ്തവവിശ്വാസം നൽകുന്ന കരുത്തിൽ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാം. ജീവിതാവസ്ഥകൾ ഏതു തന്നെയും ആയിക്കൊള്ളട്ടെ, എല്ലാം ദൈവത്തിൽ സമർപ്പിച്ച്, രക്ഷകനായ, സൗഖ്യം നൽകുന്ന ക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടെ, സമർപ്പണത്തോടെ, നമ്മുടെ പ്രത്യേകതകൾക്കും, പാരമ്പര്യങ്ങൾക്കും, വ്യക്തിഗതതല്പര്യങ്ങൾക്കുമപ്പുറം, ഒരുമയോടെ, സന്തോഷപൂർവ്വം, നമുക്കും പിൻചെല്ലാം. അവന്റെ രാജ്യത്തിന് യോഗ്യരായി, അവന് സ്വീകാര്യരായ മനുഷ്യരായി മാറാൻ പിതാവായ ദൈവത്തിന്റെ കാരുണ്യം നമ്മുടെമേലും പതിയട്ടെ. പ്രവാചകരിലൂടെ അറിയിക്കപ്പെട്ട രക്ഷയുടെ പദ്ധതി ക്രിസ്തുവിൽ പ്രവർത്തികമാകുന്നതുപോലെ, ദൈവത്തിന്റെ വാഗ്ദാനങ്ങൾ നമ്മുടെ ജീവിതത്തിലും നിറവേറപ്പെടുമെന്ന ഉറച്ച ബോധ്യത്തിൽ നമുക്ക് വളരാം. മനസാന്തരത്തിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും, ദൈവരാജ്യത്തിനായി നമ്മെത്തന്നേയും നമ്മുടെ സഹോദരങ്ങളെയും നേടുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സഭാചരിത്ര രേഖകൾ

വി. മൂറോൻ കൂദാശ (1932)

ഫാ. പി. എം. ജേക്കബ് പറപ്പള്ളിത്താഴെ



29-3-1932: മൂറോൻ കൂദാശ 40-ാം വെള്ളിയാഴ്ച പഴയസെമിനാരിയിൽ വെച്ചു നടത്തുന്നതിന് നിശ്ചയിച്ചു. അതിന്റെ ആവശ്യത്തിലേക്കു കുറിയാക്കോസ് ശെമ്മാശനും എനിക്കും അഞ്ചു പട്ടം തരുന്നതിന് തീർച്ചപ്പെടുത്തിയിരിക്കുന്നു.

2-4-1932: മൂറോൻ കൂദാശയ്ക്ക് കോട്ടയം ഇടവകയിലെ പള്ളികളിൽ നിന്നുള്ള തുക പിരിക്കുന്നതിലേക്കുള്ള കല്പനസഹിതം എന്നെ അയയ്ക്കുന്നതിന് തീരുമാനിച്ചു.

5-4-1932: രാവിലെ മുണ്ടക്കയം പള്ളിയിൽ എത്തി. തിരിച്ച് നെടുമാവിൽ എത്തി. കവലയിലും. കങ്ങഴയിൽ എത്തി താമസിച്ചു.

6-4-1932: പാതിനോമ്പ്. കങ്ങഴയിൽ കുർബ്ബാനയ്ക്ക് സംബന്ധിച്ചശേഷം കാനത്തിൽ വന്നു.

7-4-1932: ദയറായിൽ ചെന്നു. കോട്ടയംകാരൻ ഫീലിപ്പോസ് ശെമ്മാശൻ (പിന്നീട് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് - എഡിറ്റർ) വന്നിട്ടുണ്ടായിരുന്നു. മൂന്നു മണിയോടു കൂടെ തിരിച്ച് മീനടം അഞ്ചേരി മുതലായിടത്ത് സഞ്ചരിച്ചു. തോട്ടയ്ക്കാട്ടച്ചന്റെ (വലിയമണ്ണിൽ യോഹന്നാൻ കത്തനാർ - എഡിറ്റർ) വീട്ടിൽ ഇന്ന് താമസിച്ചു.

8-4-1932: രാവിലെ തോട്ടയ്ക്കാട്, വാകത്താനം, കുഴിമറ്റം മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ച് കൊല്ലാട്ട് നടത്തുന്ന വടക്കൻ അച്ചന്റെ കൂടെ താമസിച്ചു (ഓണക്കൂർ).

9-4-1932: ദിവാന്റെ വരവ്. രാവിലെ പുതുപ്പള്ളി നിലയ്ക്കൽ മുതലായിടത്ത് സഞ്ചരിച്ച് സെമിനാരിയിൽ എത്തി. പിരിഞ്ഞ തുക കാതോലിക്കാ ബാവായെ ഏല്പിച്ചു. ഇന്ന് പുതിയ ദിവാൻജിയായ ഓസ്റ്റിൻ ഐ.സി.എസ്. പഴയസെമിനാരി കാണുന്നതിന് വരുന്നതിനാൽ എല്ലാ മെത്രാച്ചന്മാരും അവിടെ കൂടിയിരുന്നു. നാലരയ്ക്ക് വന്നു.

9-4-1932: സന്ധ്യയോടു കൂടി പുത്തൻകാവ് കൊച്ചുതിരുമേനിയും ഇവിടുത്തെ തിരുമേനിയും കോട്ടയംകാരൻ ഫീലിപ്പോസ് ശെമ്മാശനും, കറിയാ ശെമ്മാശനും, കുറിയാക്കോസ് ശെമ്മാശനും ഞാനും കൂടെ ദയറായിൽ എത്തി.

10-4-1932: അഞ്ചാം പട്ടം. ഇവിടുത്തെ തിരുമേനി വി. കുർബ്ബാന ചൊല്ലി ഞങ്ങൾക്ക് നാലു പേർക്ക് അഞ്ചാം പട്ടം (യൗപദ്യക്കിനോ) തന്നു.

11-4-1932: കൊച്ചുതിരുമേനി ഇന്ന് അത്താഴമേശ കഴിഞ്ഞ് കോട്ടയത്തിന് തിരിച്ചുപോയി. ശെമ്മാശന്മാർ താമസിക്കുന്നു. വള്ളിക്കാട്ടെ ശെമ്മാശൻ (പിന്നീട് ഫാ. കെ. സി. പുന്നൂസ് ചൂരപ്പാടിൽ - എഡിറ്റർ) തിരിച്ചുപോയി.

12-4-1932: രാവിലെ പിരിവിന് കോട്ടയത്തു ചെന്ന് ആലപ്പുഴയ്ക്ക് പോയി. അഞ്ചു മണിയോടു കൂടി എത്തി. അച്ചനോടു കൂടി താമസിച്ചു.

14-4-1932: ഇന്നു രാവിലെ ഞാൻ കോട്ടയത്തിന് തിരിച്ചു. കുറിച്ചിയിൽ പോയിട്ട് സെമിനാരിയിൽ താമസിച്ചു. വാളക്കുഴിയിലച്ചനും മറ്റും മൂറോൻ കൂദാശ സംബന്ധിച്ചുള്ള ജോലികൾ നടത്തുന്നു.

15-4-1932: ഇന്ന് വടക്കൻമണ്ണൂർ പള്ളിയിൽ കൂടെ പോയിട്ട് ദയറായിലെത്തി.

16-4-1932: ശനി. തിരുമേനി വി. കുർബ്ബാന ചൊല്ലി. എന്നെ ചുമതലപ്പെടുത്തിയിരുന്ന പള്ളികളിലെല്ലാം ഞാൻ സഞ്ചരിച്ചു കഴിഞ്ഞു (മുണ്ടക്കയം മുതൽ ആലപ്പുഴ വരെ).

17-4-1932: ഞായർ. വി. കുർബ്ബാനയ്ക്കു ശേഷം ഞാൻ കാനത്തിന് പോയി. വാളക്കുഴിയിൽ വി. എ. ജോസഫ് ബി.എ. യ്ക്ക് ഇന്ന് കാതോലിക്കാ ബാവാ പഴയസെമിനാരിയിൽ വെച്ച് റമ്പാൻസ്ഥാനം കൊടുത്തു.

18-4-1932: ഇന്ന് ഞാൻ പാമ്പാടിയിലെത്തി തിരുമേനിക്കു കോട്ടയത്തിനു പോകുവാനുള്ള വണ്ടി ശട്ടംകെട്ടിയ ശേഷം ദയറായിലെത്തി. സന്ധ്യയോടു കൂടെ ഞങ്ങളെല്ലാവരും തിരിച്ച് 8-ന് സെമിനാരിയിലെത്തി.

19-4-1932: പഴയസെമിനാരി. ഇന്ന് ഉച്ചയ്ക്കുശേഷം വർഗീസ് ബി.എ. യും എൻ. എ. കുര്യൻ എം.എ. ബി.ഡി. യും പ്രസംഗിച്ചു. കൂദാശയിൽ പങ്കെടുക്കുന്ന അച്ചന്മാരും ശെമ്മാശന്മാരും ഏകദേശം 60 പേരോളം താമസിക്കുന്നുണ്ട്. ശുശ്രൂഷയിലെ ഭാഗങ്ങൾ പരിശീലിക്കുന്നു.

20-4-1932: സെമിനാരിയിലെ പണി പൂർത്തിയാക്കിയില്ല. ഇന്ന് എൻ. ജി. കുര്യൻ എം.എ. ബി.ഡി. പ്രസംഗിച്ചു.

21-4-1932: ഇന്ന് പ്രസംഗയോഗത്തിന് അനവധി ആളുകൾ വന്നിരുന്നു. വൈകിട്ട് വി. മൂറോനെപ്പറ്റി വല്യതിരുമേനിയും, പിന്നീട് റീത്തു പ്രസ്ഥാനത്തെപ്പറ്റി ഒ. എം. ചെറിയാൻ ബി.എ. എൽ.റ്റി. യും ഗംഭീരമായി പ്രസംഗിക്കുകയുണ്ടായി. അനവധി പട്ടക്കാരും ശെമ്മാശന്മാരും വന്നിരുന്നു (150 ഓളം). ഇന്ന് അത്താഴ ഭക്ഷണം കുറ്റിയിൽ കുഞ്ഞ് എന്നയാളിന്റെ നേർച്ചയായിരുന്നു.

22-4-1932: മൂറോൻ കൂദാശ. രാവിലെ ആറര മണിക്ക് തിരുമേനിമാർ നമസ്കാരം ആരംഭിച്ചു. ഏഴരയ്ക്ക് വി. മൂറോൻ കൂദാശയും ആരംഭിച്ചു. 12 മണിയോടു കൂടെ അത് അവസാനിച്ചു. വി. കുർബ്ബാന ബാവായും കൊച്ചുമെത്രാച്ചനും വാളക്കുഴി റമ്പാച്ചനും കൂടെ ആരംഭിച്ചു. ഒന്നര മണിയോടുകൂടെ അവസാനിച്ചു. അനേക ആളുകളും പട്ടക്കാരും എത്തിയിരുന്നു.

(കാനം പറപ്പള്ളിത്താഴെ പി. എം. ജേക്കബ് കത്തനാരുടെ ദിനവൃത്താന്ത കുറിപ്പുകളിൽ നിന്നും)

Church Calendar

FIRST SUNDAY AFTER DENAHA

(Matthew 04: 12-22)

Fr. Sajoie Samuel



The Gospel portion of the first Sunday after Denaha is Matthew 04: 12 - 22. The two weeks following Yeldo perunal are very eventful days in the liturgical calendar. December 26th is celebrated as Glorification of Mother Mary. The next day is observed as Massacre of the Infants (Feast of Holy Innocents). The first day of January is observed as New Year Day, Circumcision of Jesus Christ and Memory of St. Gregorios and St. Baselios. January 03rd is celebrated as the 60th remembrance of H.H. Baselios Geevarghese the Second of Blessed Memory, laid to rest in Devalokam Catholicate Armana. This day also marks the Coonen Cross day. On January 06th the Church celebrates Denaha, signifying the Baptism of our Savior. Finally, January 07th we commemorate the Beheading of St. John the Baptist.

The Gospel portion can be divided into two parts. Vs 12 to vs 17 show Jesus commencing His public ministry once John the Baptist was arrested and put into prison. He ventures out to Gentile territories and preaches them to "Repent, for the Kingdom of Heaven is at hand" (vs17). Vs 18 to vs 22 shows Jesus calling His first disciples who were fishermen namely, Simon and Andrew, James and John.

"The people which sat in darkness saw great light, and to them which sat in the region and shadow of death, light is sprung up"

I. JESUS THE ETERNAL BRIGHT LIGHT

For 400 years God's prophets and prophecy eluded humankind. Before the birth of Jesus, for four centuries the earth was not blessed by any prophet or divine revelation. When Jesus is born, He is the Emmanuel who would reside amongst His believers and lead them to eternal light. Many prophets were sent prior to the Messiah, but none gave heed to them. In the Parable of the Tenants, the master sends his son, anticipating that they would respect him. Similarly, God sent His Son thinking He would be taken heed of.

So in Jesus, the people who were in the valley of shadow of death are called forth and given eternal life. So after His death, Jesus goes down to Hades and preaches to them and saves them from eternal darkness and suffering. Colossians 01: 13, 14 says " He has delivered us from the domain of darkness and transferred us to the Kingdom of his beloved Son, in whom we have redemption, the forgiveness of sins".

II. FROM BEING INACTIVE TO BEING FISHERS OF MEN

For a long time, God's chosen race was seated in darkness. Being seated is a state of being stationary or stagnant. A stagnant water body not only decays itself, but also does not encourage life forms to exist in it. A person in a sitting posture has limited access. Such a person is not receptive to movement. This form of inaction is both self defeating and also contagious. We humans have been formed in a way that we are always active both physically and spiritually. As the saying goes: "A rolling stone gathers no moss". We have to be active to revitalize ourselves. A caged bird, when set free, will not survive long, as it's feathers and muscles fail to operate because of being in a state of inaction.

Jesus is the light, that makes the seated to "sprung up" to life. The physical and spiritual strength given by God gives strength and endurance. The food that the angel provided Elijah gave him the energy for forty days and forty nights. The spiritual strength given to the thief on the cross, ensured that his sinful past was wiped out and he was made worthy to enter paradise.

To conclude, this Gospel portion highlights Jesus as the Savior of the world. In His public ministry, Jesus ventures out to Gentile territories to include them also in the salvific plan of God. He did this when the Baptist had been imprisoned so that the masses would not be confused as to who is the Messiah: Jesus Christ or John the Baptist. May God bless us to be eternal fishers of men.

❑



കേരളാ നിയമസഭാ സെക്രട്ടറിയായി ഓലകെട്ടിയമ്പലം കാരുണ്യ ഹൗസിൽ ഷാജി ഇ. ബേബി ചുമതലയേറ്റു. കൊയ്പള്ളി കാരാണ്മ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.



കോട്ടപ്പടി അഭയ ഭവന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായും അഭയ ഭവൻ പ്രസിഡന്റ് കൂടിയായ അഭിവന്ദ്യ ഡോ ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി മുഖ്യ കാർമികത്വം വഹിച്ചു.

കോട്ടയം മെത്രാസന ദിനാഘോഷങ്ങൾ

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോട്ടയം ഭദ്രാസനത്തിന്റെ മെത്രാസന ദിനാഘോഷങ്ങൾ 2024 ജനുവരി 7 ഞായറാഴ്ച വിവിധ പ്രോഗ്രാമുകളോടെ പാമ്പാടി മാർ കുറിയാക്കോസ് ദയറയിൽ ക്രമീകരിച്ചിരിക്കുന്ന കടവിൽ പൗലോസ് മാർ അത്താനാസിയോസ് നഗറിൽ നടക്കും.

ഇതിനു മുന്നോടിയായി ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റെയും ശുശ്രൂഷക സംഘത്തിന്റെയും നേതൃത്വത്തിൽ ഒരു വിളംബര ഘോഷയാത്ര വെള്ളിയാഴ്ച (ജനുവരി 5) 4.30–ന് വള്ളിക്കാട്ട് ദയറായിൽ നിന്ന് ആരംഭിക്കും. പതാക ഘോഷയാത്ര ഞാലിയകുഴി ദയറാ, പുതുപ്പള്ളി പള്ളി, പുതുപ്പള്ളി, നിലയ്ക്കൽ പള്ളി, വെട്ടത്തുകവല, തോട്ടയ്ക്കാട്, മോസ്കോ, വഴി സൗത്ത് പാമ്പാടി സെന്റ് തോമസ് പള്ളിയിൽ എത്തി അവിടെ നിന്ന് കൊടിമര ഘോഷയാത്രയും കൂടി ചേർന്ന് പൊത്തൻപുറം, ആലാംപള്ളി, പാമ്പാടി, മഞ്ഞാടി കവല വഴി പാമ്പാടി ദയറായിൽ 7 മണിക്ക് എത്തിച്ചേരും.







Fr. Oommen Mathew, Vicar of St. Gregorios Orthodox Church Jabal Ali, will be the Vice- President of OSSAE OKR UAE Sub - Region from January 2024





കുവൈറ്റ് സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പഴയപള്ളിയിലെ പുതുവത്സര ശുശ്രൂഷകൾക്ക് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. അഹമ്മദി സെന്റ് പോൾസ് ദേവാലയത്തിൽ വച്ച് നടന്ന ശുശ്രൂഷകൾക്ക് ഇടവക വികാരി ഫാ. എബ്രഹാം പി. ജെ. നേതൃത്വം നൽകി.



പരുമല ആശുപത്രിയുടെ കാർഡിയോളജി വിഭാഗത്തിന്റെ സേവനം ജനുവരി ഒന്നാം തീയതി മുതൽ പന്തളം സി.എം. ആശുപത്രിയിലും. പരുമല സിഎം കാർഡിയോളജി ഒപി യുടെ ഉദ്ഘാടനം ഡോ. മാത്യൂസ് മാർ തിമോത്തിയോസ് നിർവഹിച്ചു. വൈദീക ട്രസ്റ്റി ഫാദർ ഡോ. തോമസ് വർഗീസ് അമയിൽ, വൈദികസംഘം ജനറൽ സെക്രട്ടറി ഫാദർ ഡോ. നൈനാൻ വി. ജോർജ്, ആശുപത്രി സിഇഒ ഫാ. എം. സി പൗലോസ്, പ്രൊജക്റ്റ് ഡയറക്ടർ വർക്കി ജോൺ, ഫിനാൻസ് കോർഡിനേറ്റർ ഫാദർ തോമസ് ജോൺസൻ കോർ എപ്പിസ്കോപ്പ, ചാപ്ലിൻ ഫാദർ ജിജു വർഗീസ്, ഫാദർ കെ. എസ് സാമുവൽ കോർഎപ്പിസ്കോപ്പ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



കോട്ടയം മെത്രാസനദിന സംഗമത്തിന്റെ പന്തൽ കാൽനാട്ട് കർമ്മം ഇടവക മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് നിർവഹിച്ചു.



അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ കുവൈറ്റിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് യൂജിൻ നുഗന്റിനെ സന്ദർശിച്ചു.



ഓസ്ട്രേലിയായിലെ ടാസ്മാനിയായിൽ ആരംഭിച്ച ആരാധന സമൂഹം സെന്റ് ജോർജ് ഇന്ത്യൻ ഓർത്തഡോക്സ് കോൺഗ്രിഗേഷൻ ആയി മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സീനോസ് കല്പനയിലൂടെ പ്രഖ്യാപിച്ചു. മെൽബൺ സെന്റ് ഗ്രീഗോറിയോസ് വികാരി ഫാ. സുജിൻ വർഗീസ് മാപ്പിള വി. കുർബാന അർപ്പിക്കുകയും, പുതിയ ലോഗോ പ്രകാശനം ചെയ്യുകയും ചെയ്തു. കോൺഗ്രിഗേഷന്റെ ട്രസ്റ്റിയായി സോജൻ യോഹന്നാനെയും, സെക്രട്ടറിയായി വർഗീസ് ഇ. വി. യെയും കല്പനയിലൂടെ നിയമിച്ചു.